# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

Vol. 12, No. 1 March, 2018

Edited & Published by Fr. Sajeesh Mathew Thrikkodanmalil
Bishop's House, St. Joseph's Church, Sagar Road,
Shimoga - 577 204, Karnataka.

Cover Design : Ajai Elavuthinkal

Printed at : Matha Printers, Bangalore
9886809060

*for private circulation only*

# ഉള്ളടക്കം


സർക്കുലർ........................................................................4

മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ...........................................7

Circular of the Major Archbishop ............................................... 14

രൂപതാകച്ചേരി വാർത്തകൾ...................................................... 19

മതബോധന – ബൈബിൾ കമ്മീഷൻ ......................................... 24

യുവജന പ്രേഷിതത്വം.................................................................. 28

കുടുംബ പ്രേഷിതത്വം ................................................................. 30

മാതൃവേദി .................................................................................. 31

കുടുംബ കൂട്ടായ്മ ........................................................................ 33

മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ................................ 33

Bishop's Diary........................................................................... 36

Bishop's Programme................................................................ 38

Kannada Section....................................................................... 40

# സർക്കുലർ

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരെ,

പുതിയൊരു വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ നാം. ദൈവകൃപയും, സമാധാനവും, സന്തോഷവും നിറഞ്ഞ പുതിയ വർഷം നേരുന്നു! പുതുവർഷത്തിൽ ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നമ്മുടെ രൂപതാസ്ഥാപനത്തിന്റെ പത്താം വാർഷികം കഴിഞ്ഞ ഒക്ടോബർ മാസത്തിൽ ലളിതമെങ്കിലും അർത്ഥപൂർണ്ണമായി നാം ആഘോഷിക്കുകയുണ്ടായല്ലോ? പത്താം വർഷികാഘോഷത്തിലെ ഏറ്റവും പ്രധാനസംഭവം ഒക്ടോബർ 16 മുതൽ 19 വരെ എൻ.ആർ. പുര വച്ചു നടന്ന രൂപതാ ബൈബിൾ കൺവെൻഷനായിരുന്നു. ബഹു. സേവ്യർാൻ വട്ടയിലച്ചന്റെ നേതൃത്വത്തിൽ നടന്ന ഈ കൺവെൻഷൻ എല്ലാ അർത്ഥത്തിലും ഒരു വിജയമായിരുന്നു. നമ്മുടെ ആത്മീയ ജീവിതത്തിന് ഒരു പുത്തനുണർവ്വ് നൽകുവാൻ ഈ കൺവെൻഷൻ തീർച്ചയായും ഉപകരിച്ചു. കൺവെൻഷനിലൂടെ ലഭിച്ച ആത്മീയഊർജ്ജം നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനും, നമ്മുടെ വിശ്വാസ വളർച്ചയ്ക്കും, സാക്ഷ്യത്തിനും സഹായിക്കുന്നതിനുമായി ചില തുടർനടപടികളും നാം പ്ലാൻ ചെയ്തിട്ടുണ്ട്. അതനുസരിച്ച് നമ്മുടെ 3 ഫൊറോനകളിലും എല്ലാ മാസവും ഏകദിന കൺവെൻഷനും, ദിവ്യകാരുണ്യാരാധനയും നടത്തി വരുന്നു. ഷിമോഗ, റിപ്പൺപേട്ട് ഫൊറോനകളിൽ എല്ലാ ആദ്യവെള്ളിയാഴ്ചകളിലും, എൻ.ആർ.പുര ഫൊറോനയിൽ എല്ലാ രണ്ടാം ശനിയാഴ്ചകളിലും ഈ ഏകദിന പ്രോഗ്രാം നടന്നു വരുന്നുണ്ട്.

കൺവെൻഷന്റെ തുടർനടപടിയായി നാം പ്ലാൻ ചെയ്ത മറ്റൊരുകാര്യം നമ്മുടെ രൂപതയിൽ ഒരു നിത്യാരാധനാ കേന്ദ്രം തുടങ്ങുക എന്നതായിരുന്നു. നമ്മുടെ രൂപതക്കുവേണ്ടി – പ്രത്യേകിച്ച് കുടുംബങ്ങളുടെ വിശുദ്ധീകരണം, വൈദികരുടെയും സമർപ്പിതരുടെയും വിശുദ്ധീകരണം, ദൈവവിളി പ്രോത്സാഹനം – എന്നിവയ്ക്കു വേണ്ടിയും, നാടിനുവേണ്ടിയും, സഭയ്ക്കു വേണ്ടിയും നിരന്തരം

പ്രാർത്ഥിക്കുക എന്നതാണ് ഈ ആരാധാകേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം. വി. കുർബാനയുടെആരാധനക്കുള്ള സ്ഥലവും, താമസസൗകര്യങ്ങളും നൽകിയാൽ, ഈ ആരാധനായജ്ഞത്തിന് നേതൃത്വം നൽകാൻ ഒരു ടീമിനെ വിട്ടു തരാമെന്ന് ബഹു. വട്ടായിലച്ചൻ സമ്മതം നൽകിയിരുന്നു. ഇതനുസരിച്ച് ആരാധനയ്ക്കുള്ള സ്ഥലവും, ടീമിനുള്ള താമസസൗകര്യവും ഇതോടകം സജ്ഞമായിട്ടുണ്ട്.

എൻ.ആർ.പുര മെൺസൂരിൽ വി. സെബസ്ത്യാനോസിന്റെ നാമത്തിലുള്ള കപ്പേളയാണ് നിത്യാരാധാന കേന്ദ്രമായി രൂപപ്പെടുത്തുന്നത്. (കൂടുതൽ സൗകര്യപ്രദമായ മറ്റൊരു കേന്ദ്രം ഉണ്ടാകുന്നതുവരെയെങ്കിലും ഈ കപ്പേള ഈ ലക്ഷ്യത്തിനായി ഉപയോഗിക്കുവാനാകും). നിത്യാരാധനാ കേന്ദ്രമാക്കുവാൻ ഈ കപ്പേള വിട്ടുതരുന്നതിന് എൻ.ആർ. പുര മെൺസൂർ പ്രദേശത്തെ / വാർഡുകളിലെ എല്ലാ കുടുംബങ്ങളോടും ഞാൻ രൂപതയുടെ പേരിൽ ഹൃദയപൂർവ്വം നന്ദിപറയുന്നു.

നിത്യാരാധനാ കേന്ദ്രമായി രൂപപ്പെടുത്തുവാൻ ഏറ്റം അനുയോജ്യമായ സ്ഥലത്താണ് മെൺസൂർ വി. സെബസ്ത്യാനോസിന്റെകപ്പേള നിലകൊള്ളുന്നത്. ഷിമോഗ ഭാഗത്തുനിന്നും എൻ.ആർ. പുര ഭാഗത്തേക്ക് യാത്രചെയ്യുന്നവരും, എൻ.ആർ.പുര നിന്നും ഷിമോഗ ഭാഗത്തേക്ക് യാത്രചെയ്യുന്നവരും ഈ കപ്പേള സ്ഥിതി ചെയ്യുന്ന സ്ഥലത്തു കൂടിയാണ് കടന്നു പോവുക. മാത്രമല്ല നമ്മുടെ 6 ഇടവകകളിലെ വിശ്വാസികൾ സാധാരണയായി കടന്നു പോകുന്ന വഴിയുമാണ് ഇത്.അതിനാൽ നമ്മുടെ വിശ്വാസികൾക്കും, വൈദികർക്കും, സമർപ്പിതർക്കും ഈ ആരാധനാകേന്ദ്രം സന്ദർശിക്കുക എന്നത് വളരെ സൗകര്യപ്രദമാണ്. 2018 ജനുവരി മാസം 20–ാം തിയതി ശനിയാഴ്ച, വി. സെബസ്ത്യാനോസിന്റെ തിരുന്നാൾ ദിനം, രാവിലെ 08–ന് വി. കുർബാനയോടുകൂടി ഈ നിത്യാരാധന ആരംഭിക്കുകയാണ്. ജനുവരി 20–ന് എൻ.ആർ.പുര മെൺസൂർ കപ്പേളയിൽ നടക്കുന്ന വി. കുർബാനയിലേക്കും, നിത്യാരാധനാ കേന്ദ്രത്തിന്റെ ഉദ്ഘാടനത്തിലേക്കും നിങ്ങളെ എല്ലാവരെയും ഞാൻ സ്വാഗതം ചെയ്യുന്നു. ബഹു. വട്ടായിലച്ചന്റെ സാന്നിദ്ധ്യവും അന്നത്തെ തിരുകർമ്മങ്ങളിൽ നാം പ്രതീ

ക്ഷിക്കുന്നു. നമ്മുടെ രൂപതയിലെ വിശ്വാസജീവിതത്തിന്റെയും, ആത്മീയ ജീവിതത്തിന്റെയും ശക്തികേന്ദ്രമായി ഈ നിത്യാരാധനാകേന്ദ്രം മാറണം. അതിനായി രൂപതാ മക്കളുടെ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഞാനഭ്യർത്ഥിക്കുന്നു. മെൺസൂർ വഴി കടന്നുപോകാനിടയാകുന്ന നമ്മുടെ രൂപതയിലെഎല്ലാവരും – അത്മായരും, സമർപ്പിതരും, വൈദികരും – അൽപസമയമെങ്കിലും ഈ ആരാധനാകേന്ദ്രത്തിലിറങ്ങി വി. കുർബാനയുടെ മുമ്പിൽ പ്രാർത്ഥിക്കാൻ പരിശ്രമിക്കണം. മാത്രമല്ല, നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും, വിശ്വാസികളും, സമർപ്പിതരും, വൈദികരും ഇടയ്ക്കിടെ സമയം കണ്ടെത്തി ഈ ആരാധനാകേന്ദ്രത്തിൽ വരുന്നതിനും, വി. കുർബാനയുടെ മുമ്പിൽ സമയം ചിലവഴിക്കുന്നതിനും പരിശ്രമിക്കണം. നമ്മുടെ രൂപതയുടെയും, സഭയുടെ മുഴുവന്റെയും വിശുദ്ധീകരണത്തിനും, നാടിന്റെ നന്മക്കുമായി നമുക്ക് ഈ ആരാധനാകേന്ദ്രത്തെ സമർപ്പിക്കാം. 2018 ജനുവരി 20–ാം തിയതിയിലെ വി. കുർബാനയിലേക്കും, നിത്യാരാധനയിലേക്കും ഏവരെയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊണ്ടും, എല്ലാവർക്കും നിറഞ്ഞ ദൈവാനുഗ്രഹം നേർന്നുകൊണ്ടും

സ്നേഹപൂർവ്വം,

നിങ്ങളുടെ പിതാവ്

**മാർ ജോസഫ് അരുമച്ചാടത്ത്**

ഈ സർക്കുലർ 2018 ജനുവരി 14–ാം തിയതി വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

# മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ

*2017 ഓഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 1 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാ കേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 25–ാം സിനഡിന്റെ ദ്വിതീയസമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ.*

ഈശോമിശിഹായിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരൻമാരെ,

സീറോ മലബാർ സിനഡിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിൽ 25–ാം സിനഡിന്റെ രണ്ടാം സെഷൻ ഓഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 1 വരെ സഭ ആസ്ഥാനത്ത് കൂടുകയുണ്ടായി. ഈ കഴിഞ്ഞ 25 വർഷങ്ങളിൽ സമ്മുടെ സഭയുടെ നാനാവിധമായ വളർച്ചയും ആധുനിക കാലഘട്ടത്തിലെ സഭയുടെ പൊതുസാക്ഷ്യവും സിനഡ് വിലയിരുത്തുകയുണ്ടായി. ഈ ജൂബിലി വർഷത്തിൽ നമ്മുടെ സഭാസന്താനമായ സി. റാണി മരിയ എഫ്.സി.സി.വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്ക് ഉയർത്തപ്പടുന്നത് സീറോ മലബാർ സഭയ്ക്കു മുഴുവൻ സന്തോഷം നൽകുന്ന കാര്യമാണ്.സി. റാണി മരിയ എഫ്.സി.സി. യുടെ നാമകരണ പരിപാടി നവംബർ 4 നു സിസ്റ്റർ രക്തസാക്ഷിത്വം വരിച്ച ഇൻഡോറിൽവച്ച് നടക്കുകയുണ്ടായല്ലോ. അതിനുശേഷം സിസ്റ്ററിന്റെ മാതൃരൂപതയായ എറണാകുളത്തും ജന്മനാടായ പുല്ലുവഴിയിലും വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഈ ചടങ്ങുകളിൽ നിരവധിപേർ പങ്കെടുത്ത് തങ്ങളുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കുകയുണ്ടായി.

ഈയടുത്ത് നമ്മിൽനിന്നും വേർപിരിഞ്ഞുപോയ കോട്ടയം അതിരൂപത അദ്ധ്യക്ഷനായ ആർച്ച്ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചാണ് ഈ സെഷൻ ആരംഭിച്ചത്. അഭിവന്ദ്യ പിതാവ് വഴി കോട്ടയം രൂപതയ്ക്കും കേരളസഭയ്ക്കും ഭാരതസഭയ്ക്കും ലഭിച്ചിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങൾ സിനഡ് അനുസ്മരിച്ചു.

ഈ അടുത്ത കാലത്ത് നിര്യാതനായ എ.കെ.സി.സി. മുൻ പ്രസിഡന്റ് ശ്രീ. ജോസഫ് മണ്ണിപ്പറമ്പിലിന്റെ നിര്യാണത്തിൽ സഭ അനുശോചനം രേഖപ്പെടുത്തി. സമുദായ മുന്നേറ്റത്തിനായി നിസ്വാർത്ഥസേവനം ചെയ്ത സഭാസ്നേഹിയായിരുന്നു അദ്ദേഹം എന്നു സിനഡ് അനുസ്മരിച്ചു. മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന മാർ ജേക്കബ് മനത്തോടത്തിനും മാർ സൈമൺസ്റ്റോക്ക് പാലാത്രക്കും സിനഡ് ജൂബിലി മംഗളങ്ങൾ നേർന്നു. മെത്രാഭിഷേകത്തിനുശേഷം ആദ്യമായി സിനഡിൽ സംബന്ധിക്കുന്ന ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിലിനും സിനഡ് സ്വാഗതം നൽകി. നമ്മുടെ സഭയ്ക്കു പുതിയ മൂന്ന് മെത്രാന്മാരെ ലഭിച്ചതിൽ നമുക്കു ദൈവത്തിനു നന്ദി പറയാം.നിയുക്ത കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിനും തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിലിനും തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനിക്കും ഈ അവസരത്തിൽ സിനഡ് ആശംസകൾ അർപ്പിക്കുകയുണ്ടായി.

ജന്മശതാബ്ദി ആഘോഷിക്കുന്ന മാർത്തോമാസഭ വലിയമെത്രാപ്പോലീത്ത ഫിലിപ്പോസ് മാർ ക്രിസോസ്റ്റോമിനു സിനഡിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ സ്വീകരണം നൽകി. സഭയിലെ വിവിധ സന്യാസസമൂഹങ്ങളുടെ മേജർസുപ്പീരിയർമാരുമായി സിനഡിലെ മെത്രന്മാർ സമർപ്പിതജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൽ ചർച്ച ചെയ്യുവാൻ ഒരു പ്രത്യേക സമ്മേളനവും ഈ സിനഡിൽ നടത്തുകയുണ്ടായി.

സഭയിൽ മാമ്മോദീസ പരികർമ്മം ചെയ്യുന്ന രീതിയെപ്പറ്റി സിനഡ് ചർച്ച ചെയ്യുകയുണ്ടായി. ഇടവകപള്ളിക്കു പുറമെ സ്വകാര്യ സ്ഥാപനങ്ങളിലും ധ്യാന കേന്ദ്രങ്ങളിലും മാമ്മോദീസ നടത്തുമ്പോൾ നിർദ്ദിഷ്ടമായ നിയമവ്യവസ്ഥകൾ പാലി ക്കേണ്ടതാണ്. മാമ്മോദീസാർത്ഥിയുടെ മാതാപിതാക്കളും തലതൊടുന്നവരും വേണ്ടത്ര തയ്യാറെടുപ്പോടുകൂടി വേണം മാമ്മോദീസയ്ക്ക് ഒരുങ്ങണ്ടത്. മുതിർന്നവരുടെ മാമ്മോദീസയ്ക്കു (Adult Baptism) സിവിൽ നിയമങ്ങൾ അനുസാസിക്കുന്ന വ്യവസ്ഥകൾ ശ്രദ്ധിക്കേണ്ടതാണ്.

വൈദികപരിശീലനത്തിന്റെ സർവോന്മുഖമായ ഗുണമേന്മ വർദ്ധിപ്പിക്കാൻ അല്മായരായ വ്യക്തികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സെമിനാരികളിലും പരിശീലനകേന്ദ്രങ്ങളിലും Formation Consultation Council ഉണ്ടായിരിക്കേണ്ടതാണ്. സെമിനാരിക്കാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സിനഡ് സെമിനാരി റിപ്പോർട്ടുകൾക്ക് ഒരുപൊതുവായ ഒരു Format അംഗീകരിച്ചു. വൈദികർക്കും സന്യസ്തർക്കും അനുയോജ്യമായ വസ്ത്രധാരണ രീതി (ഡ്രസ്സ് കോഡ്) ഉണ്ടാകേണ്ടതിന്റെ ആവശ്യകത സിനഡ് പിതാക്കൻമാർ ചർച്ച ചെയ്തു.

ദൈവാനുഗ്രഹത്താൽ സീറോ മലബാർ സഭ ധാരാളം ദൈവവിളികളാലും മിഷനറിമാരാലും ധന്യമാണ്. സഭയിൽ വർദ്ധിച്ചുവരുന്ന ഈ പ്രേഷിത ആഭിമുഖ്യം (Mission Consciousness) ശ്രദ്ധേയമാണ്. നമ്മുടെ മിഷനറിമാർ ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും ഇന്ത്യക്കു പുറത്തു ലത്തീൻ സഭയിലും ശുശ്രൂഷ ചെയ്യുന്നു എന്നത് അഭിമാനകരമാണ്. ഈ രംഗത്തേക്ക് പലഅത്മായ സഹോദരങ്ങളും മുമ്പോട്ട് വരുന്നതായി കാണുന്നുണ്ട്. വ്യക്തികളുടേയും പ്രേഷിതസംഘടനകളുടേയും ആഭിമുഖ്യത്തിൽ പ്രേഷിതവേലയ്ക്കു വരുന്ന അത്മായ സഹോദരങ്ങൾക്ക് സിനഡ് എല്ലാവിധ പ്രോത്സാഹനവും അംഗീകാരങ്ങളും നൽകുന്നു. അവർക്ക് അനുയോജ്യമായ പരിശീലനവും ഒരുക്കവും നൽകേണ്ടതുണ്ടെന്നു സിനഡ് വിലയിരുത്തി. ഈ കാര്യത്തിനായി സാന്തോം മിഷൻ ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഒരു കോഴ്സ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. നമ്മുടെ മിഷൻ പ്രദേശങ്ങളെ പരിചയപ്പെടാനും അവിടെ പോയി കുറച്ചു നാളത്തേയ്ക്കു പ്രേഷിതവേല ചെയ്യാനും താൽപ്പര്യമുള്ള അത്മായസഹോദരങ്ങൾ അവരുമായി ബന്ധപ്പെടേണ്ടതാണ്. ഈ സംരംഭത്തിന്റെ ആരംഭദിശയിൽ ഗോരഖ്പൂർ, അദിലാബാദ് രൂപതകൾ തിരഞ്ഞെടുത്ത് അവിടെ ഈ പുതിയ സുവിശേഷവത്ക്കരണം (New Evangelization) നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. മാതൃസഭയിൽ പ്രേഷിതചൈതന്യം വളർത്തുവാനും താൽപ്പര്യമുള്ളവരെ മാതൃസഭയിൽനിന്നുതന്നെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നതോടൊപ്പം മിഷൻ രൂപതയിൽ തന്നെയുള്ള അനുയോജ്യരായവരെ തിരഞ്ഞെടുത്ത് ഈ പദ്ധതിയിൽ സംബന്ധിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. പ്രവാസികളായ

ഉദ്യോഗമൊഴിഞ്ഞവരുടെ (Retired hands) സേവനം ഈ കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. സഭയിൽ അത്മായ പ്രേഷിത ചൈതന്യം വളർത്താനായി 'സുവിശേഷ സാക്ഷികളുടെ സംരംഭം' എന്ന ഈ പദ്ധതി പരീക്ഷണാർത്ഥം ആരംഭിക്കാൻ സിനഡ് തീരുമാനിച്ചു.

നമ്മുടെ ദേവാലയങ്ങളും കപ്പേളകളും പള്ളിപ്പരിസരങ്ങളും സിനിമ സീരിയൽ ഷൂട്ടിംഗിനു നൽകുന്നതിലുള്ള അനൗചിത്യം സിനഡ് വിശദമായി ചർച്ചചെയ്യുകയുണ്ടായി. ദേവാലയവും കുരിശുപള്ളികളും കൊമേർഷ്യൽ സിനിമ–സീരിയൽ ഷൂട്ടിങ്ങിന് കൊടുക്കരുതെന്ന് സിനഡ് നിർദ്ദേശിച്ചു. എന്നാൽ ഈ സ്ഥലങ്ങൾ കാത്തലിക് ചാനലുകൾക്ക് ഡോക്യുമെന്ററി, സീരിയൽ എന്നിവയ്ക്ക് കൊടുക്കാവുന്നതാണ്.

സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന നമ്മുടെ നാട്ടിൽ ജോലിയിൽനിന്നും വിരമിച്ചവരും പ്രത്യേകിച്ചു പ്രവാസികളും ധാരാളം ഉണ്ട്. പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽനിന്നും വരുന്ന റിട്ടയേർഡ ഹാൻഡിന്റെ സേവനം സഭയ്ക്കു സമൂഹത്തിനും വേണ്ടി ഉപയോഗിക്കുവാൻ സഭ വളരെ ആഗ്രഹിക്കുന്നു. അതിനായി സഭാ തലത്തിൽ ഒരു സംഘടനയെപ്പറ്റി (Common Pravasi Fellowship) സിനഡ് ചർച്ച ചെയ്തെങ്കിലും തൽക്കാലം അതാതു രൂപതകളിലും ഇടവകകളിലും കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഇവരെ സംഘടിപ്പിച്ച് പ്രവർത്തനം ആരംഭിക്കാം എന്ന് നിർദ്ദേശിച്ചു.

ആരാധനക്രമ പരിഷ്കരണത്തെ സംബന്ധിച്ച് സിനഡ് ചർച്ചചെയ്യുകയുണ്ടായി. പ്രത്യേകിച്ചു പ്രാർത്ഥനകളും ദേവാലയ ആരാധനക്രമ ഗീതങ്ങളും ഭക്ത്യോദകമാക്കുന്നതിന്റെ ആവശ്യകത സിനഡ് ഊന്നിപ്പറയുകയും ചെയ്തു. നമ്മുടെ വിശ്വാസത്തിന്റെ പരസ്യാവിഷ്കാരമാണ് ആരാധനക്രമശുശ്രൂഷകൾ. അവ നമ്മുടെ സഭാപാരമ്പര്യങ്ങൾക്കനുസരിച്ചും ആനുകാലികപ്രസക്തമായും ആഘോഷിക്കുവാൻ/ആചരിക്കുവാൻ ഏവരും ശ്രദ്ധിക്കേണ്ടതാണ്.

സിനഡിന്റെ വിവിധകമ്മീഷനുകളുടെ പ്രവർത്തനറിപ്പോർട്ടും ഈ സെഷനിൽ അവതരിപ്പിക്കുകയുണ്ടായി. മതബോധനത്തെ സംബന്ധിച്ച്,

ആധുനീക വിദ്യാഭ്യാസരംഗത്തെ Smart Class, Family Catechism, Youth Faith Formation എന്നിവയെപ്പറ്റി, ചർച്ച ചെയ്തു. വിശ്വാസപരിശീലനം കുട്ടികൾക്ക് അറിവിനേക്കാൾ വിശ്വാസാനുഭമാകുവാൻ മതാദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. മക്കളുടെ മതാദ്ധ്യാപനത്തിൽ മാതാപിതാക്കൾ പ്രത്യേകിച്ചും അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.ഇടവകയിലെ സൺഡേ ക്ലാസുകൾ സജീവമാക്കുവാൻ ബഹുമാനപ്പെട്ട വികാരിമാരും സിസ്റ്റേഴ്സും പൂർവ്വാധികം ശ്രദ്ധിക്കേണ്ടതാണ്. കുടുംബയൂണിറ്റിലെ ഭാരവാഹികൾക്കും മതാദ്ധ്യാപനം കൂടുതൽ ഫലപ്രദമാക്കുവാൻ സാധിക്കും. യുവജനപ്രേഷിതത്വത്തിനു വേണ്ടിയുള്ള കമ്മീഷന്റെ റിപ്പോർട്ടിൽ അടുത്തുവരുന്ന സാർവ്വത്രിക മെത്രാൻസിനഡിന്റെ വിഷയത്തെ ആസ്പദമാക്കി നൂതന കർമ്മപദ്ധതികൾ ആവിഷ്കരിക്കണമെന്ന് നിർദ്ദേശങ്ങളുണ്ടായി. അതാതു രൂപതകളിലും റീജിയനിലെയും യുവജനങ്ങൾക്കു വേണ്ടിയുള്ള പരിപാടികൾ ഊർജ്ജിതപ്പെടുത്തുവാൻ യുവജനങ്ങൾ കൺവെൻഷനുകൾ സംഘടിപ്പിക്കണമെന്നും നിർദ്ദേശമുണ്ടായി.

സഭയിലെ സേവന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി Spandan എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ള കാര്യം നേരത്തെ എല്ലാവരെയും അറിയിച്ചരുന്നതാണല്ലോ. രൂപതാതലത്തിലും സന്യാസസമൂഹങ്ങളുടെ നേതൃത്വത്തിലും ധാരാളം സാമൂഹിക സേവനങ്ങൾ നടത്തുന്നു എന്നത് പ്രശംസനീയമാണ്. രൂപതയിലെയും സന്യാസസമൂഹങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സമൂഹത്തിൽ വലിയൊരു ചലനം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും. നമ്മുടെ സമൂഹത്തിൽ റബർ കർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ സിനഡ് ഉത്കണ്ഠയോടെയാണ് കാണുന്നത്. കർഷകർക്ക് ആവശ്യമായ ബാങ്ക് ലോൺ ലഭ്യമാക്കുക, കാർഷിക വിളകൾക്ക് ന്യായമായ വില നിർദ്ദേശിക്കുക തുടങ്ങിയ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ സിനഡ് തീരുമാനിച്ചു. സാമൂഹിക പ്രവർത്തനങ്ങളിൽ അത്മായപങ്കാളിത്തത്തോടെ പരിഹാരം തേടണമെന്നും സിനഡ് അഭിപ്രായപ്പെട്ടു. അത്മായമുന്നേറ്റങ്ങൾ സഭയുടെ ബഹുമുഖ പ്രവർത്തനങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നവയാണെന്ന് സിനഡ് വിലയിരുത്തി.

തൊഴിലില്ലായ്മ, പാർപ്പിട പ്രശ്നങ്ങൾ, രോഗങ്ങൾ, മദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം, ദാമ്പത്യബന്ധങ്ങളിലുണ്ടാകുന്ന തകർച്ച, തുടങ്ങിയവിഷയങ്ങളിൽ അത്മായരുടെ അഭിപ്രായങ്ങൾ എന്തെന്നറിയാൻ വൈദികരും സമർപ്പിതരും ശ്രദ്ധിക്കേണ്ടതുണ്ട്. കുടുംബങ്ങളുടെ നവീകരണത്തിന് വലിയ പ്രാധാന്യമാണ് സഭ നൽകുന്നത്. കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയാൻ അത്മായരുമായി അജപാലകർ നിരന്തരം ആശയവിനിമയം നടത്തണം. കുടുംബങ്ങളും സമൂഹവും നേരിടുന്നപ്രശ്നങ്ങൾക്ക് നൂതനമായ പരിഹാര മാർഗ്ഗങ്ങളാണ് ആവശ്യം.

അത്മായർ ഏറ്റെടുത്തു നടത്തുന്ന സാമൂഹിക പ്രവർത്തനങ്ങൾ സഭ അഭിമാനത്തോടെയാണ് കാണുന്നത്. അത്മായരുടെ നേതൃത്വത്തിലുള്ള വയോജന കേന്ദ്രങ്ങൾ, അനാഥമന്ദിരങ്ങൾ, ഭിന്നശേഷിയുള്ള കുട്ടികൾക്കായി നടത്തുന്ന സ്ഥാപനങ്ങൾ, ആശുപത്രിയിലെ ഭക്ഷണവിതരണം, അനുബന്ധശുശ്രൂഷകൾ എന്നിവപ്രോത്സാഹിപ്പിക്കപ്പെണം. ഓരോ ഇടവകകളിലും ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങൾക്കായുള്ള ശുശ്രൂഷകളിൽ വൈദികർക്കൊപ്പം അത്മായരും മുന്നിട്ടിറങ്ങണം. സഭയുടെ കുടുംബം , അത്മായർ, ജീവൻ എന്നിവയ്ക്കായുള്ള കമ്മീഷൻ കൂടുതൽ ഉണർവ്വോടെ പ്രവർത്തിക്കേണ്ട കാലമാണിതെന്നും സിനഡ് ഓർമ്മിപ്പിച്ചു.കുടുംബകൂട്ടായ്മ, മാതൃവേദി, പ്രോലൈഫ്, കത്തോലിക്കാകോൺഗ്രസ് എന്നിവയെ ഏകോപിപ്പിക്കുന്ന അത്മായ കമ്മീഷൻ ഏറ്റെടുക്കുന്ന വിവിധ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും സിനഡ് വിലയിരുത്തി. വൈദീകപരിശീലനത്തിനു ആനുകാലികമായ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്ന് സിനഡ് അഭിപ്രായപ്പെട്ടു. ഇതിനായി അടുത്തയിടെ വത്തിക്കാൻ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ (Ratio Fundamentalis Sacerdotalis) പ്രാവർത്തികമാക്കേണ്ടതാണ്. മാറിക്കൊണ്ടിരിക്കുന്ന മാധ്യമ സാക്ഷരതയുടെയും സാമൂഹിക മാധ്യമങ്ങളുടെയും പശ്ചാത്തലത്തിൽ സീറോ മലബാർ സഭയ്ക്ക് ഒരു പുതിയ മൊബൈൽ ആപ്പിനു രൂപം കൊടുക്കുവാൻ തീരുമാനിച്ചു. സീറോ മലബാർ സഭയുടെ എക്യുമെനിക്കൽ ഡയറക്ടറി (Called to be United) ഈ സിനഡിൽ പ്രകാശനം ചെയ്തു. സീറോ മലബാർ സഭയുടെ സഭൈക്യപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാനും ദൈവജനത്തിന് സഭൈക്യപ്രവർത്തനങ്ങളുടെ

ശരിയായ ലക്ഷ്യങ്ങൾ മനസ്സിലാക്കുവാനും ഡയറക്ടറിയുടെ ഉപയോഗംസാധ്യമാകട്ടെ എന്നും സിനഡ് ആശംസിച്ചു.

വന്ദ്യസഹോദരരെ, പ്രിയ മക്കളെ നമ്മുടെ സഭ Major Archiepiscopal സഭയായിട്ടു 25–ാമത്തെ വർഷത്തിലേക്കു പ്രവേശിക്കുന്ന ഈ അവസരത്തിൽ ആഗോള തലത്തിൽ പ്രേഷിത രംഗത്തും, ദൈവവിളി പ്രോത്സാഹനത്തിലും ഒത്തിരിയേറെ ഇനിയും നാം മുന്നോട്ടുപോകേണ്ടതുണ്ട്. നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ശക്തമായ മധ്യസ്ഥത്താൽ കൂടുതൽ ഐക്യവും കൂട്ടായ്മയും പുലർത്തിക്കൊണ്ട് ആധുനീകകാലഘട്ടത്തിൽ നമ്മുടെ വിശ്വാസത്തിന്റെ പൊതുസാക്ഷ്യം നൽകുവാൻ നമുക്കൊത്തൊരുമിച്ചു പ്രവർത്തിക്കാം. ദൈവം നിങ്ങളേവരെയും അനുഗ്രഹിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്.

N.B: *ഈ വിജ്ഞാപനം ഉചിതമായ മാർഗ്ഗങ്ങളിലൂടെ അതതു രൂപത/അതിരൂപതകളിലെ വൈദി കരുടെയും സന്യസ്തരുടെയും അല്മായ സഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.*

# CIRCULAR OF THE MAJOR ARCHBISHOP

## Circular of the Major Archbishop after the XXVI Synod of the Bishops of the Syro-Malabar Church, Session 1, held from 8 to 13 January 2018 in the Major Archiepiscopal Curia at Mount St Thomas, Kakkanad.

Dear Brothers and Sisters in Jesus Christ,

The Twenty sixth Synod of Bishops of the Syro-Malabar Church was held at the time of the celebration of the Silver Jubilee of the declaration of the Church as a Major Archiepiscopal Church.

The Synod congratulated and welcomed at the beginning of the session Mar Joseph Pamplany, the Aux. Bishop of Tellicherry, Mar Sebastian Vaniapurakal, the Curia Bishop, Mar Tony Neelankavil, the Aux. Bishop of Trichur and Mar Sebastian Pozholiparambil, the Bishop of the newly erected eparchy of Hossur who were attending the synod for the first time. The appointments of Fr. John Nellikunnel, Bishop-elect of Idukki, and of Fr. James Athikalam MST, Bishop-elect of Sagar, were declared during the Synod. Please keep the new bishops in your prayers.

The Synod also expressed its gratitude to late Mar James Pazhayattil and to the present administration of the eparchy of Irinjalakuda for the great effort they had put in for the growth and development of the newly established eparchy of Hossur.

The Synod also offered its congratulations to Mar Raphael Thattil, the newly appointed bishop of the newly created Shamshabad eparchy. With the establishment of this eparchy, the Syro-Malabar Church has got jurisdiction all over India for evangelization and pastoral care. The Synod gratefully acknowledged the services of late Cardinal Mar Antony Padiyara, Mar Gregory Karotemprel CMI, and Mar Gratian Mundadan CMI, the former Apostolic Visitators, for all the preparatory work they had done for the provision of

jurisdiction all over India for evangelization and pastoral care. The Synod requests all the eparchies and religious congregations in Kerala to extend their generous support for the new eparchy. The right for evangelization and pastoral care throughout the Country given to the Syro-Malabar Church is a great opportunity for intensification of the evangelization mission of the Church in India and to strengthen deep bonds of relationship with other suri juris Churches in India. It is very gratifying to note that the all-India jurisdiction was given to the Syro-Malabar Church in its Jubilee year.

The Synod offered its greetings to Mar Jacob Murikan and Mar Tony Neelankavil who were celebrating the silver jubilee of their priestly ordination. I remind you of the need to pray for these Bishops on this occasion.

The synod expressed its deep anguish at the suffering experienced by Christians in the eparchies of Satna, Sagar, and Jagdalpur for the suffering and persecutions they experienced in the recent past.

The details of the Jubilee celebrations were discussed during the Synod. On Jan.13, Holy *Qurbana* was celebrated in thanksgiving with the participation of all the Bishops. The public meeting held in the afternoon at 2.30p.m. was inaugurated by His Beatitude Luis Raphäel Sako, Patriarch of the Chaldean Church. Most Rev. Dr. Giambattista Diquattro, Apostolic Nuncio, presided over the meeting. His Beatitude Baselios Mar Cleemis, the Major Archbishop of the Syro-Malankara Church and President of CBCI, Abp. Cyril Vasil, the Secretary, Congregation for Oriental Churches, Abp. Francis Kallarakal, the former Archbishop of Verapoly, His Excellency Bishop Dimitrios Salachas, Exarch emeritus of the Greek Catholic Church, Justice Kurian Joseph, Judge, Supreme Court of India, Sr. Siby, CMC Mother General, Adv. Biju Parayannilam, President, Catholic Congress, Mrs. Gigi Sebastian, Secretary, Matruvedi, and Mr. Arun Davis, President SMYM offered their congratulatory messages. Besides the Bishops attending the Synod, Major Superiors of religious congregations, representatives from all the Syro-Malabar Eparchies including priests, consecrated men and women, and lay representatives, especially the youth also participated in the Jubilee celebration.

The Synod discussed seriously the problems experienced by the people engaged in agriculture and emphasized the need to offer security to their lives and work. The need for special protection from the attacks of wild animals encroaching the farmsteads was pointed out. The Synod requested the Government to come to the aid of farmers by constructing protective walls around their farms. The unsympathetic attitude of the Government looks as if the Government is more interested in protecting wild animals than the lives of the people. The Government and the political parties have to devise strong and sustainable programmes for the protection of the farmers. INFARM and AKCC have to pay special attention in this matter and plan suitable programmes. In order to protect the produce of the farmers and to secure their lives, new financial projects have to be envisaged. The Synod views with anxiety the tendency among farmers to abandon agricultural work. This will definitely create a new form of migration.

You may be well aware that the Synod has formed a new commission for the promotion of vocations. The Synod has viewed with anxiety the decrease of vocations especially for the religious congregations of women. All are requested to cooperate with this commission for the promotion of vocations at the parish and eparchial levels. The parish priests and the religious communities in parishes have a major role to play in fostering vocations. Organizations like the Mission League should take the initiative to encourage religious vocations among students and the youth. During the years of their formation in the seminaries, they should be made aware of their missionary responsibilities.

The newly ordained priests should be provided with opportunities for working in the missions and the same arrangement may be done for the seminarians during their years of regency. It is also good to encourage the laity and the members of voluntary organizations to work in mission eparchies. Similarly mission-appeals on the part of those who work in mission eparchies should be encouraged in home eparchies in Kerala. The Synod has specially requested the eparchies to help the vocation promoters who come to different eparchies to preach about the missions. There was a suggestion that there should be a special arrangement for the admission and formation of seminarians under the direction of the Major Archbishop to work in the missions.

The following are some of the proposals of the Major Archiepiscopal Assembly approved by the Synod to be implemented in all eparchies:

1. When bishops come for various functions in various parishes and institutions make the receptions simple at the entrance of the parish church. Avoid reception from the parish boundary or from the church gate or with flexes and arches along the road.
2. All celebrations are to be simple. Any kind of publicity is to be merely informative and simple.
3. Institutions run by eparchies/parish churches and institutes of consecrated life are not to ask compulsory donations for admissions and appointments.
4. Education institutions run by eparchies/parish churches and the institutes of consecrated life are to give concession to poor students as well as to the fourth and following children of Catholic parents.
5. The Catholic Aided schools or schools in the public sectors are to be fostered.
6. Every financially sound parish is to adopt a mission centre and keep a regular contact with it.
7. Skills of senior citizens are to be made use of in every parish.
8. A percentage of the amount of family celebrations is to be set apart for the poor.
9. When some fees /contributions are fixed in a parish, the amount shall be fixed according to the financial status of the families. No compulsory fees/contribution shall be demanded.
10. The data of those who go away from the home parishes for education and jobs are to be kept in the offices at parish/eparchial levels. They should be helped to connect with the local Syro-Malabar Catholic communities where they live or go for studies and do not demand donations as prerequisite for the administration of the sacraments in their local parishes.

The Synod made an evaluation of the steps involved in the sale of the property of the Ernakulam-Angamlay Archeparchy and offered helpful suggestions for the resolution of the problems that arose from the sale of the property.

The Synod drafted a Pledge Form that the seminarians have to sign before their ordination to Diaconate. Synod approved the Safe Environmental progrmmes for Church personnel which would make the priests more aware of their moral responsibilities concerning the children entrusted to their care.

There was a suggestion to strengthen AKCC especially in this year when its Jubilee is being celebrated.

The Synod discussed seriously the pastoral needs of the Syro-Malabar faithful living outside India and decided to continue the discussions in this regard with the authorities concerned. The Synod considered the proposal to make the Syro-Malabar parish in Doha, Qatar an independent parish. The Synod also elected the representatives to participate in the next Synod of the Youth in Rome which has the theme “Young People, the Faith and Vocational Discernment”. The Synod remembers with gratitude the interactions with the Chaldean Patriarch Luis Sako, Apostolic Nuncio Giambattista Diquattro, Archbishop Cyril Vasil, the Secretary of the Oriental Congregation, Fr. Lorrenso Lorusso OP, the Under Secretary, and Msgr. Pascal Gollnisch, the Director General and Mr. Dominic Bletry, Chargé d’Affaires of l’Oeuvre d’Orient during the Synodal sittings.

The Synod also discussed the theme of the CBCI plenary session “United in Diversity for a Mission of Mercy and Witness” and made preparatory studies on the theme.

Wishing all of you a fruitful season of Lent,

Yours cordially in Christ,

**+George Cardinal Alencherry.**
Major Archbishop of the Syro-Malabar Church

N.B. *The contents of this circular shall be made known to the Priests, Religious and Laity of all the Archeparchies/Eparchies of Syro-Malabar Church.*

# രൂപതാകച്ചേരി വാർത്തകൾ

## Appointments

**Rev. Fr. Amal Valiyaparambil, mcbs :** Asst. Parish Priest, St. Thomas Church, Gorigandi & St. George Church, Balehonnur

## നന്ദി, സ്വാഗതം

കഴിഞ്ഞ ഒരു വർഷം രൂപതയിലെ ഗോരിഗണ്ടി, ബാളെഹൊണ്ണൂർ ഇടവകകളിലെ സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥലം മാറിയിരിക്കുന്ന ജിനേഷ് കൊച്ചുപറമ്പിലച്ചന് നന്ദിയും, പുതിയ പ്രേഷിതമേലയിൽ എല്ലാവിജയങ്ങളും നേരുന്നു.

പുതുതായി രൂപതയിലേക്ക് സേവനത്തിനായി കടന്നുവന്നിരിക്കുന്ന അമൽ വലിയപറമ്പിലച്ചനെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

## പാസ്റ്ററൽ കൗൺസിൽ

നാലാം പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാമത്തെ യോഗം 2017 ഡിസംബർ 19–ന് രാവിലെ 10.45–ന് ബോധന പാസ്റ്ററൽ സെന്ററിൽ ചേരുകയുണ്ടായി. റവ. സി. ഉഷ സി.എം.സി. നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. വികാരി ജനറാൾ റവ. ഫാ. അഗസ്റ്റൻ ഉറുമ്പുകാട്ടിൽ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ഫാ. ഫ്രാൻസീസ് അള്ളൂംപുറം മുൻ യോഗത്തിന്റെ മിനിറ്റ്സ് അവതരിപ്പിച്ചു. അടുത്ത വർഷം റോമിൽ നടക്കുന്ന മെത്രാൻ സിനഡിന്റെ പഠന വിഷയം: 'യുവജനങ്ങൾ – അവരുടെ വിശ്വാസവും, വിളിയുടെ തിരിച്ചറിയലും'' എന്നതിനെ ആസ്പദമാക്കിയണെന്നും അതിന്റെ പശ്ചാത്തൽത്തിൽ രുപത അടുത്തവർഷം യുവജനവർഷമായി ആചരിക്കാൻ ആഗ്രഹിക്കുന്നുവെന്നും ആമുസന്ദേശത്തിൽ പിതാവ് അറിയിച്ചു. ഇതിന്റെ കർമ്മപദ്ധിതി ചർച്ച ചെയ്യാനാണ് പാസ്റ്ററൽ കൗൺസിലിന്റെ ഈ അസാധാരണ യോഗം എന്നും, സഭക്ക് യുവജനങ്ങളുടെ കാര്യത്തിലുള്ള

പ്രത്യേക കരുതലും താൽപര്യവുമാണ് ഇത് സൂചിപ്പിക്കുന്നത് എന്നും പിതാവ് ഓർമ്മിപ്പിച്ചു.

രൂപതാ യുവജന ഡിറക്ടർ ഫാ. ജോസഫ് പനക്കച്ചിറ മുൻ വൈദികസമ്മേളനം നിയോഗിച്ച കമ്മിറ്റി തയ്യാറാക്കിയ കർമ്മപദ്ധതി അവതരിപ്പിച്ചു. ഓരോ മാസവും രൂപതാതലത്തിൽ നടത്താനാഗ്രഹിക്കുന്ന പരിപാടികൾ വിശദീകരിച്ചു. നാലു ഗ്രൂപ്പുകളായി തിരിഞ്ഞ് നടത്തിയ ചർച്ചയെ തുടർന്ന് അവയുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. 'ക്രിസ്തുവിനെ ജീവിക്കുക – ക്രിസ്തുവിനെ നൽകുക'' എന്ന ആപ്ത വാക്യവുമായി കമ്മിറ്റി തയ്യാറാക്കിയ ലോഗോ ചർച്ചകൾക്കു ശേഷം പാസ്സാക്കി. 2018 ജനുവരി 26–ന് യുവജനവർഷത്തിന്റെ രൂപതാതല ഉദ്ഘാടനവും, ജനുവരി 28–ന് ഇടവകാതല ഉദ്ഘാടനവും നടത്താൻ തീരുമാനിച്ചു. ശ്രീ ജോമി മാത്യു എല്ലാവർക്കും നന്ദി പറഞ്ഞു.

## വി. യൗസേപ്പിതാവിന്റെ തിരുനാൾ

തിരുക്കുടുംബത്തിന്റെ സംരക്ഷകനും തിരുസഭയുടെ കാവൽക്കാരനും നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥനുമായ വി. യൗസേപ്പിതാവിന്റെ തിരുനാൾദിനമായ മാർച്ച് 19–ന് നമ്മുടെ രൂപതയേയും ദൈവജനം മുഴുവനേയും യൗസേപ്പിതാവിനു സമർപ്പിക്കാം. അഭിവന്ദ്യപിതാവിനെ പ്രത്യേകമായി യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥത്തിനു ഏൽപ്പിക്കാം. അന്നേദിവസം അഭിവന്ദ്യപിതാവിനായി പ്രത്യേകം പ്രാർത്ഥിക്കാം.

രൂപത മുഴുവന്റേയും നാമത്തിൽ പിതാവിനു സ്നേഹനിർഭരമായ തിരുനാൾ മംഗളങ്ങൾ നേരുന്നു. യൗസേപ്പിതാവിന്റെ നാമധാരികളായ എല്ലാ വൈദികർക്കും, സമർപ്പിതർക്കും, അൽമായസഹോദരർക്കും തിരുനാൾ ആശംസകൾ!

## വൈദികസമ്മേളനം, സൈത്ത് വെഞ്ചിരിപ്പ്

രൂപതാ വൈദികസമ്മേളനം 2018 മാർച്ച് 27 ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് ബോധന പാസ്റ്ററൽ സെന്ററിൽ ആരംഭിക്കും. തുടർന്ന് ഉച്ചകഴിഞ്ഞ് 02.30–ന് സൈത്ത് വെഞ്ചിരിപ്പ് നടത്തപ്പെടും.

## വൈദിക സെമിനാർ

രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർക്കായി ഒരു സെമിനാർ 2018 ഏപ്രിൽ 18–ന് രവിലെ 09 മണി മുതൽ ബോധന പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. മംഗലപുഴ സെമിനാരി റെക്ടർ റവ. ഡോ. മാത്യു ഇല്ലത്തുപറമ്പിൽ സെമിനാറിനു നേതൃതവം നൽകും. സെമി നാറിൽ സംബന്ധിക്കുന്ന ബഹു. വൈദികർ ഏപ്രിൽ 17–ന് വൈകിട്ട് 7 മണിക്കു മുമ്പായി ബോധനയിൽ എത്തിച്ചേരണം.

## വാർഷിക പൊതുയോഗം

2017–2018 വർഷത്തെ കണക്കുകൾ, 2018–2019 വർഷത്തേക്കുള്ള ബഡ്ജറ്റ്എന്നിവ അവതരിപ്പിക്കുന്നതിനും, 2018–2019 വർഷത്തേക്കുള്ള കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം നമ്മുടെ എല്ലാ ഇടവകകളിലും 2018 ഏപ്രിൽ 15–നോ അതിനു മുമ്പുള്ള ഞായറാഴ്ചയോ ചേരേണ്ടതാണ്. പൊതുയോഗത്തിന്റെ നടത്തിപ്പ്, കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് എന്നിവയിൽ പള്ളിയോഗ നടപടി ക്രമങ്ങൾ(രൂപതാ നിയമാവലി പേജ് 139–143) പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കി അവരു ടെ പേരുവിവരവും, പൊതുയോഗം പാസ്സാക്കിയ വാർഷിക തിരട്ടും, ബഡ്ജറ്റും, തിരട്ടു ബുക്കിലും, തിരട്ടു ഫോമിലും രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്.രൂപതാകേന്ദ്രത്തിൽ നിന്ന് അംഗീകാരം ലഭിച്ചതിനു ശേഷം മാത്രമാണ് പുതിയ കൈക്കാരന്മാർ സ്ഥാനമേൽക്കേണ്ടത് (രൂപ താ നിയമാവലി 175–178 പേജുകൾ). പ്രത്യേകം ശ്രദ്ധിക്കുക, പ്രതിനി ധി യോഗത്തിന്റെ (പാരിഷ് കൗൺസിൽ) കാലാവധി മൂന്നു വർഷമായതി നാൽ ഈ വർഷം തിരഞ്ഞെടുപ്പ് നടത്തേണ്ടതില്ല.

## ഓഡിറ്റിംഗ്

2017–2018 സാമ്പത്തിക വർഷത്തെ നമ്മുടെ എല്ലാ പള്ളികളു ടേയും സ്ഥാപനങ്ങളുടേയും കണക്കുകൾ രൂപതാകേന്ദ്രത്തിൽ നിന്നും 2018 ഏപ്രിൽ 23, 24, 25, തിയതികളിൽ യഥാക്രമം എൻ.ആർ.പുര, സാഗർ, ഷിമോഗ, എന്നിവിടങ്ങളിൽ വച്ച് ഓഡിറ്റ് ചെയ്യുന്നതാണ്. താഴെ

പറയുന്ന രേകളുമായി നിർദ്ദേശിച്ചിരിക്കുന്ന സമയത്ത് ബഹു. വികാരി യച്ചന്മാർ ഇടവക സെക്രട്ടറിമാരുമൊത്ത് (കണക്കൻ) ഓഡിറ്റിംഗിനു വരേണ്ടതാണ്. 12 a രജിസ്ട്രേഷൻ ഉള്ള പള്ളികൾ ചാർട്ടേട് അക്കൗണ്ടന്റ് നടത്തേണ്ട ഓഡിറ്റിംഗിനു പകരമാകില്ല ഈ ഓഡിറ്റിം എന്ന് പ്രത്യേക ഓർക്കുക.

1. The Minutes of the Pothuyogam (original and copy), the Annual Statement of Account of 2016-2017 (വാർഷിക book and sheet) and budget for 2017-2018 (original and copy).
2. Journal and Ledger with Bills and Vouchers
3. Accounts of the Institutions (if any)
4. Accounts of the Diocesan Farms
5. Updated Bank Passbooks and Check Books
6. FD Receipts (if any)

### 23.04.2018: N.R.Pura, Little Flower Cathedral

| | | |
|---|---|---|
| 09.30 am | : | N.R.Pura |
| 10.30 " | : | Sangameswarapet |
| 11.30 " | : | Balehonnur |
| 12.00 noon | : | Chettikudige |
| 02.00 pm | : | Varkatta |
| 02.30 " | : | Makkode |
| 03.00 " | : | Koppa |
| 03.30 " | : | Muthinakoppa & Mallanthoor |
| 04.00 " | : | Shettikoppa |

### 24.04.2018: Sagar, St. Thomas Church

| | | |
|---|---|---|
| 09.30 am | : | Sagar, Joga & Kargal |
| 10.30 " | : | Ripponpett |
| 11.30 " | : | Nagavally |
| 12.00 noon | : | Iduvally |
| 02.00 pm | : | Hosur (Induvally) |

| | | |
|---|---|---|
| 03.00 " | : | Anavatty |
| 03.30 " | : | Anandapuram |

**25.04.2018: Shimoga, St. Joseph's Forane Church**

| | | |
|---|---|---|
| 09.30 am | : | Bhadravathi |
| 10.30 " | : | Davangere |
| 11.30 " | : | Holehonnur |
| 12.00 noon | : | Masthikatte |
| 02.00 pm | : | Umblebylu |
| 02.30 " | : | Shimoga |

**പൊതു പിരിവുകൾ**

1) ദാരിദ്ര്യരോഗനിവാരണത്തിനായി കാരിത്താസ് ഇൻഡ്യ നടത്തുന്ന പ്രവർത്തനങ്ങളെ സഹായിക്കുവനായി നടത്തുന്ന പ്രത്യേക പിരിവ് ഈ വർഷം മാർച്ച് 25–ാം തിയതിയാണ് (ഓശാന ഞായർ) നടത്തേണ്ടത്.

2) വിശുദ്ധനാടിന്റെ സംരക്ഷണത്തിനായുള്ള ദുഃവെള്ളിയാഴ്ചത്തെ പ്രത്യേക പിരിവ് 2018 മാർച്ച് 30–ന് എടുക്കേണ്ടതാണ്.

**ജീവകാരുണ്യനിധി:**

നമ്മുടെയിടയിൽസഹായമർഹിക്കുന്നവരെഅവരുടെആവശ്യങ്ങളിൽ സഹായിക്കുവാനായി രൂപത ഏർപ്പെടുത്തിയിരിക്കുന്ന ജീവകാരുണ്യനിധിയിലേക്കുള്ള പിരിവ് ഈസ്റ്റർദിനത്തിൽ (2018 ഏപ്രിൽ 01) വി. കുർബ്ബാനമദ്ധ്യേ നടത്തി രൂപതാകേന്ദ്രത്തിൽ ഏൽപിക്കാൻ ഓർമ്മിപ്പിക്കുന്നു.

**ഫാ. ഫ്രാൻസീസ് അള്ളുംപുറം**
രൂപതാചാൻസിലർ

## മതബോധന ബൈബിൾ കമ്മീഷൻ

രൂപതാ മതബോധന ബൈബിൾ കേന്ദ്രത്തിൽ നിന്നും ആശംസകൾ! പ്രാർത്ഥനയുടെയും, പരിത്യാഗത്തിന്റേതുമായ നോമ്പിന്റെ ദിനങ്ങളിലൂടെ കടന്നു പോയികൊണ്ടിരിക്കുന്ന നിങ്ങളേവർക്കും ആഗതമാകുന്ന ഉത്ഥാനതിരുന്നാളിന്റെ നന്മയും സമാധാനവും ആശംസിക്കുന്നു.

### കോർടീം മീറ്റിംഗ്

2017 ഡിസംബർ 17 രാവിലെ 11 മണിക്ക് രൂപതാതല കരോൾഗാന മത്സരത്തിനൊരുക്കമായി കോർടീം യോഗം ചേർന്നു. ഡിസംബർ 3–ന് നാമഹേതുക തിരുന്നാൾ ആയിരുന്ന ബഹു. ഡറക്ടറച്ചന് തിരുന്നാൾ മംഗളങ്ങൾ നേർന്നു. സി. ജിജി സി.എം.സി. ആശംസകൾ നേർന്ന് സംസാരിച്ചു. യോഗത്തിനു മുമ്പായി കോർടീമംഗങ്ങൾ ഡറക്ടറച്ചനോടൊപ്പം വി. കുർബാനയിൽ പങ്കുചേർന്നു. അഭിവന്ദ്യ പിതാവിന്റെ അനുവാദത്തോടെ ബഹു. സെബാസ്റ്റ്യൻ മുണ്ടക്കാമറ്റമച്ചനെ മതബോധന അസി. ഡറക്ടർ ആയി നിയമിച്ചതായും, സി. എലിസബത്തിനെ കോർടീമിൽ ഉൾപ്പെടുത്തുന്നതായും ഡറക്ടറച്ചൻ അറിയിച്ചു. ക്രിസ്മസ് ഫ്രണ്ടിനെ തിരഞ്ഞെടുത്തു. കോർടീമംഗങ്ങളുടെ എല്ലാവരുടെയും ജന്മദിനങ്ങളിൽ പരസ്പരം ആശംസകൾ നേരാൻ തീരുമാനമായി. അതിനായി കോർടീം വാട്ട്സാപ്പ് ഗ്രൂപ്പിന്റെ ചുമതലയും, ജന്മദിനങ്ങൾ ശേഖരിക്കാനും സെക്രട്ടറിയെ ചുമതലപ്പെടുത്തി. കോർടീമിന്റെ ഒരു ദിവസത്തെ ഔട്ടിംഗിനെപ്പറ്റി ആലോചിച്ചു. മതബോധന–ബൈബിൾ ക്വിസിനെപ്പറ്റിയും ചർച്ച ചെയ്തു.

2018 ജനുവരി 7–ന് കോർടീം ബഹു. ഡറക്ടറച്ചന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സി. ലിസ മറ്റം എല്ലാവരെയും സ്വാഗതം ചെയ്തു. എല്ലാവരും തങ്ങളുടെ ക്രിസ്മസ് ഫ്രണ്ടിന് സമ്മാനങ്ങൾ കൈമാറി. 2018 ജനുവരി 15–ന് കോർടീമിന്റെ ഔട്ടിംഗ് നിശ്ചയിച്ചു. തുടർന്ന് മതബോധന–ബൈബിൾ ക്വിസ് നടത്താനും, സന്ദർശന റിപ്പോർട്ടുകൾ പരിശോധിച്ച സർപ്രൈസ് വിസിറ്റിനുള്ള സ്കൂളുകൾ തിരഞ്ഞെടുക്കാനും, വിവിധ ക്ലാസ്സുകളിലേക്കുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കാനും കോർടീമംഗങ്ങളെ നിശ്ചയിച്ചു.

## കരോൾഗാന മത്സരം

കരോൾഗാന രൂപതാതല മത്സരം 2017 ഡിസംബർ 17–ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് ബോധന പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു.

## വിജയികൾ:

- ഒന്നാം സ്ഥാനം: സെ.ആന്റണീസ്, ഇടുവള്ളി
- രണ്ടാം സ്ഥാനം: സെ. നോർബർട്ട്, കൊപ്പ
- മൂന്നാം സ്ഥാനം: സെ. തോമസ്, ഇക്കേരി, സാഗർ

വിജയികൾക്ക് കാഷ് അവാർഡും, എവർ റോളിംഗ് ട്രോഫിയും, പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങളും രൂപതാ മതബോധന–ബൈബിൾ കമ്മീഷൻ ഡറക്ടർ റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറം നൽകി. എല്ലാവർക്കും അനുമോദനങ്ങൾ!

## മതബോധന–ബൈബിൾ ക്വിസ്

2018 ഫെബ്രുവരി 4–ന് ഉച്ചകഴിഞ്ഞ് 2.30–ന് ബഹു. സാജൻ കുറ്റാരപ്പള്ളിലച്ചന്റെ നേതൃത്വത്തിൽ രൂപതാതല മതബോധന–ബൈബിൾ ക്വിസ് നടത്തപ്പെട്ടു. വി. യോഹന്നാന്റെ സുവിശേഷത്തെയും, 9–ാം ക്ലാസി ലെ മതബോധന പുസ്തകത്തെയും ആസ്പദമാക്കി നടത്തിയ ക്വിസിൽ താഴെപറയുന്നവർ വിജയികളായി.

- ഒന്നാം സ്ഥാനം: സെ. സെബാസ്റ്റ്യൻസ്, മാക്കോട്
- രണ്ടാം സ്ഥാനം: സെ. ആന്റണീസ്, ഇടുവള്ളി
- മൂന്നാം സ്ഥാനം: സെ. ജോസഫ്, ഷിമോഗ

വിജയികൾക്ക് കാഷ് അവാർഡും, എവർ റോളിംഗ് ട്രോഫിയും, പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങളും രൂപതാ മതബോധന–ബൈബിൾ കമ്മീഷൻ ഡിറക്ടർ റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറം നൽകി. കുട്ടികളെ ഒരുക്കിയ മതാദ്ധ്യാപകർക്കും, പ്രോത്സാഹിപ്പിച്ചു പറഞ്ഞയച്ച വികാരിയച്ചന്മാർക്കും നന്ദി. എല്ലാവർക്കും അനുമോദനങ്ങൾ!

## പ്രധാനാദ്ധ്യാപകരുടെ യോഗം

2017–2018 മതബോധന–ബൈബിൾ അദ്ധ്യയനവർഷത്തെ വിലയിരുത്തി വരുംവർഷത്തെ പരിപാടികൾ പ്ലാൻ ചെയ്യുവാനായി ചേർന്ന പ്രധാനാദ്ധ്യാപകരുടെ യോഗം 2018 ഫെബ്രുവരി 3–ന് ഉച്ചകഴിഞ്ഞ് 2 മണിക്ക്മതബോധന–ബൈബിൾ രൂപതാഡിറക്ടർ റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറം അച്ചന്റെ അദ്ധ്യക്ഷതയിൽ, കോർടീം അംഗങ്ങളുടെ നേതൃത്വത്തിൽ ബോധനപാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ശ്രീ ഡേവീസ് നീലംകാവിൽ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

### നിർദ്ദേശങ്ങൾ:

1. മതബോധന അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ അഭിവന്ദ്യ പിതാവിന്റെ ഒരു സർക്കുലർ നല്ലതാണ്.
2. മതബോധന പി. റ്റി. എ യോഗത്തിൽ സാധിക്കുമെങ്കിൽ കോർടീമിൽ നിന്ന് ആരുടെയെങ്കിലും സാന്നിദ്ധ്യം ഉണ്ടായിരിക്കണം.
3. ഡിസംബർ മാസത്തിനുള്ളിൽ എല്ലാ മത്സരങ്ങളും തീർക്കുന്നതും, ഞായറാഴ്ചകളിൽ മത്സരങ്ങൾ ഒഴിവാക്കുന്നതും നല്ലത്.
4. ഒരു മതാദ്ധ്യാപക പരിശീലന സെമിനാർ മതബോധന ക്ലാസ്സുകൾ ആരംഭിക്കുന്നതിനു മുമ്പ് നടത്തുന്നത് ഉപകാരപ്രദം.
5. വരും വർഷം രണ്ട് ക്ലാസ് ടെസ്റ്റുകളും, ഒരു മിഡ്ടേം പരീക്ഷയും നടത്തുക.
6. നല്ല സൺഡേസ്കൂൾ തിരഞ്ഞെടുപ്പിൽ വലിയ ഇടവകകളെയും, ചെറിയ ഇടവകകളെയും രണ്ട് ഗണമായി തിരിക്കുക.

## വിശ്വാസോത്സവം

മതബോധന പരീക്ഷ 2018 ഫെബ്രുവരി 25–ന് പൂർത്തിയായതോടെ ഈവർഷത്തെമതബോധന–ബൈബിൾഅദ്ധ്യയനവർഷംപൂർത്തിയായി. ഇടവകൾ ഒറ്റക്കോ മറ്റിടവകകളുമായി സഹകരിച്ചോ വിശ്വാസോത്സവം നടത്താൻ ശ്രദ്ധിക്കുമല്ലോ.

**2018 ഏപ്രിൽ – ജൂൺ: (താഴെ പറയുന്ന എല്ലാ പ്രോഗ്രാമുകളും ബോധന പാസ്റ്ററൽ സെന്ററിലാണ് നടത്തപ്പെടുക)**

1. സ്ക്കോളർഷിപ്പ് പരീക്ഷ: 2018 ഏപ്രിൽ 14 ശനി ഉച്ചകഴിഞ്ഞ് 2 മണിക്ക് സ്ക്കോളർഷിപ്പ് പരീക്ഷ. ഓരോ ഇടവകയിൽ നിന്നും 7, 10, 12 ക്ലാസ്സുകളിൽ 75%–ൽ കൂടുതൽ മാർക്കു വാങ്ങിയവരിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് പങ്കെടുക്കാം. പേരു വിവരം മുൻകൂട്ടി മതബോധനകേന്ദ്രത്തിൽ അറിയിച്ചിരിക്കണം.

2. മതാദ്ധ്യാപക പരിശീലന സെമിനാർ: 2018 മെയ് 25 ഉച്ചകഴിഞ്ഞ് 4 മണി മുതൽ, 26 ഉച്ചകഴിഞ്ഞ് 4 മണിവരെ. എല്ലാ മതാദ്ധ്യാപകരെയും പങ്കെടുപ്പിക്കുക. അദ്ധ്യാപകരുടെ പങ്കാളിത്വം നല്ല സൺഡേസ്കൂൾ തിരഞ്ഞെടുപ്പിൽ പരിഗണിക്കും. 25–ന് രാത്രി ബോധനയിൽ താമസം. അവശ്യസാധനങ്ങൾ കൊണ്ടുവരുക.

3. പ്രധാനാദ്ധ്യാപകരുടെ യോഗം: 2018 മെയ് 26–ന് മതാദ്ധ്യാപക പരിശീലന സെനിനാറിന്റെ സമാപനത്തിൽ.

4. പ്രാരംഭോത്സവം: 2018 ജൂൺ 3–ന് അതത് ഇടവകകളിൽ മുൻവർഷങ്ങളിലേതു പോലെ ക്രമീകരിക്കുക.

കഴിഞ്ഞുപോയ മതബോധന–ബൈബിൾ അദ്ധ്യയനവർഷത്തെ എല്ലാ രൂപതാതല പ്രോഗ്രാമുകളും, മതബോധസ്കൂൾ സന്ദർശനങ്ങളും ചിട്ടയായും, ഭംഗിയായും ക്രമീകരിക്കുവാൻ സഹകരിച്ച എല്ലാ കോർടീം അംഗങ്ങൾക്കും ബഹു. ഡിറക്ടറച്ചന്റെയും, രൂപതാ മതബോധന–ബൈബിൾ കേന്ദ്രത്തിന്റെയും പേരിൽ നന്ദി അറിയിക്കുന്നു. കോർടീമിലേക്ക് കൂടുതൽ പേരുടെ സേവനം ആവശ്യമുണ്ട്. ബഹു. വികാരിയച്ചന്മാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

**ശ്രീമതി നിഷ ജെയ്മി**

കോർടീം സെക്രട്ടറി

## യുവജന പ്രേഷിതത്വം

രൂപതാ യുവജന പ്രേഷിതത്വത്തിൽ നിന്നും ആശംസകൾ! യുവജന പ്രേഷിതത്വത്തിന്റെ കഴിഞ്ഞ 3 മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

### ക്രിസ്മസ് കേക്ക്

ക്രിസ്മസിനോടനുബന്ധിച്ച് രൂപതയിലെ യുവജന ശുശ്രൂഷകൾക്കു വേണ്ടിയുള്ള ധനസമാഹരണാർത്ഥം ക്രിസ്മസ് കേക്കുകളുടെ വിൽപ്പന നടത്തുകയുണ്ടായി. അതിനോട് സഹകരിച്ച എല്ലാവർക്കും നന്ദി.

### യുവജനവർഷ ഉദ്ഘാടനം

ഈ വർഷം നമ്മുടെ രൂപതയിൽ യുവജനവർഷമായി ആചരിക്കുകയാണല്ലോ. യുവനജന വർഷത്തിന്റെ രൂപതാതല ഉദ്ഘാടനം അഭിവന്ദ്യ പിതാവ് 2018 ജനുവരി 26–ാം തീയതി രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് നിർവ്വഹിച്ചു. അതിനോടനുബന്ധിച്ച് വിശുദ്ധ കുർബ്ബാനയും ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ക്ലാസും ഉണ്ടായിരുന്നു. രൂപതയിലെ വിവിധ ഇടവകകളിൽനിന്നും 120 യുവജനങ്ങൾ പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു.

### എസ്.എം.വൈ.എം ഉദ്ഘാടനം

ഓരോ വ്യക്തിസഭയ്ക്കും പ്രത്യേകം യുവജന സംഘടന ഉണ്ടാവണമെന്ന ഭാരതീയ കത്തോലിക്കാ മെത്രാൻസമിതി (സി.ബി.സി.ഐ) യുടെ ആഹ്വാനപ്രകാരം നമ്മുടെ മാതൃസഭയായ സീറോമലബാർ സഭയിലെ യുവജനങ്ങൾക്കുവേണ്ടി രൂപംകൊണ്ട ഔദ്യോഗിക സംഘടനയാണ് സീറോമലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം) നമ്മുടെ രൂപതയിലെ എസ്.എം.വൈ.എം ഉദ്ഘാടനം 2018 ജനുവരി 26–ാം തീയതി ഡയറക്ടറച്ചന് നിയമാവലി നൽകിക്കൊണ്ടും രൂപതാ ഭാരവാഹികൾക്ക് പതാക നൽകിക്കൊണ്ടും അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു.

നമ്മുടെ രൂപതയിലെ യുവനജന സംഘടന ഐ സി വൈ.എം എന്നല്ല എസ്.എം.വൈ.എം ഭദ്രാവതി രൂപത എന്നായിരിക്കും ഇനി അറിയപ്പെടുക. ഐ സി വൈ.എം എന്നത് ഓരോ വ്യക്തി സഭയുടെയും യുവജന സംഘടനകളെ സംസ്ഥാന, ദേശീയ തലത്തിലൊന്നിപ്പിക്കുന്ന ഒരു പൊതുവേദിയാണ്.

## പുതിയ രൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

എസ്.എം.വൈ.എം പുതിയ രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2018 ജനുവരി 26–ാം തീയതി നടത്തപ്പെട്ടു. കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ രൂപതയിലെ യുവജന സംഘടനയ്ക്ക് ധീരനേതൃത്വം നൽകി സ്ഥാനമൊഴിയുന്ന മുൻ രൂപതാ പ്രസിഡന്റ് സിജോ കാളിയാനിക്കും ടീമിനും ഹൃദയം നിറഞ്ഞ നന്ദി. പുതുതായി തിരഞ്ഞെടുക്കപ്പെട്ട രൂപതാ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ. രൂപതാ തല തിരഞ്ഞെടുപ്പിൽ ഭാരവാഹികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| സ്ഥാനം | പേര് | ഇടവക |
|---|---|---|
| പ്രസിഡന്റ് | ക്രിസ്റ്റി വിൽസൺ | ഇണ്ടുവള്ളി |
| വൈസ് പ്രസിഡന്റ് | വരുൺ | ഭദ്രാവതി |
| ഡെപ്യൂട്ടി പ്രസിഡന്റ് | അഞ്ജു | ചെട്ടിക്കുടിഗെ |
| ജനറൽ സെക്രട്ടറി | ജോയൽ ജോയി | ഭദ്രാവതി |
| സെക്രട്ടറി | സ്നേഹ പി.എ | ചെട്ടിക്കുടിഗെ |
| ജോയിന്റ് സെക്രട്ടറി | ഒലീവിയ ഷാജു | റിപ്പൺപേട്ട് |
| ട്രഷറർ | ജെൻസൺ | മുത്തിൻകൊപ്പ |
| കൗൺസിലേഴ്സ് | സനുമോൻ | നാഗവള്ളി |
| | സോഫിയ സണ്ണി | മാക്കോട് |

## അഭിനന്ദനങ്ങൾ

ഐ.സി.വൈ.എം കർണ്ണാടക റീജിയണൽ പ്രോഗ്രാം കോർഡിനേറ്ററായി നമ്മുടെ രൂപതയിലെ നാഗവള്ളി ഇടവകാംഗമായ സനുമോൻ

പി തോമസ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. സനുമോന് രൂപതാ യുവജന പ്രേഷിതത്വത്തിന്റെ അഭിനന്ദനങ്ങൾ.

**ഇടവകതല യുവജനവർഷാചരണം**

നമ്മുടെരൂപതയിലെഇടവകകളിൽയുവജനവർഷത്തിന്റെഉദ്ഘാടനം നടത്തി.യുവജനങ്ങൾക്കുവേണ്ടി വിവിധ പരിപാടികൾ നടത്തണമെന്നും യുവജന വർഷ പ്രാർത്ഥന ഇടവകകളിലും വീടുകളിലും ചൊല്ലുവാൻ ശ്രദ്ധിക്കണമെന്നും സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

**ഫാ.ജോസഫ് പനയ്ക്കച്ചിറ**
ഡയറക്ടർ

## കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

കുടുംബ പ്രേഷിതത്ത്വത്തിൽ നിന്നും ആശംസകൾ! 2018 മാർച്ച് 19-ാം തിയ്യതി വൈകുന്നേരം 4 മണി മുതൽ 22-ാം തിയ്യതി ഉച്ചവരെ രൂപതാ പാസ്റ്ററൽസെൻററിൽ വെച്ച് വിവാഹ ഒരുക്ക കോഴ്സ് നടത്തപ്പെടുന്നു.

ഇടവകകളിൽ നിന്നും താൽപ്പര്യമുള്ള എല്ലാ യുവതിയുവാക്കന്മാരെയും പ്രസ്തുത കോഴ്സിൽ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലൊ.

**ഗബ്രിയേൽ സംഗമം**

ഫെബ്രുവരി–16 വൈകുന്നേരം 4 മണി മുതൽ 17–ാംതീയതി 4 മണി വരെ ബോധന പാസ്റ്ററൽ സെന്ററിൽ വെച്ച് ഗബ്രിയേൽ സംഗമം നടന്നു. ജീവിത പങ്കാളിയെ നമ്മുടെ രൂപതയിൽ നിന്നും കണ്ടെത്തുക എന്ന ഉദ്ദേശത്തോടെ നടന്ന സംഗമത്തിൽ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി 68 പേർ പങ്കെടുത്തു. അഭിവന്ദ്യ പിതാവ് സംഗമം ഉത്ഘാടനം ചെയ്ത് സന്ദേശം നൽകുകയും രൂപതാ ചാൻസിലർ ബഹു. ഫാ.

ഫ്രാൻസിസ് അള്ളുംപുരം ആശംസകൾ നേരുകയും ചെയ്തു. കല്യാൺ രൂപതയിൽ നിന്നും വന്ന ബഹു. ഫാ. പോൾ തുണ്ടുപറമ്പിൽ ബഹു. സി.പൗളിന, ശ്രീ ജോസഫ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ഫാ. പോൾ തട്ടുപറമ്പിൽ**
ഡയറക്ടർ

## സീറോ മലബാർ മാതൃവേദി

ഭദ്രാവതി രൂപത സീറോ മലബാർ മാതൃവേദിയിൽ നിന്നും ആശംസകൾ! നമ്മുടെ രൂപതയിൽ വളരെ നന്നായി പ്രവർത്തിച്ച് പോരുന്ന മാതൃവേദിയുടെ പ്രവർത്തന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

### അന്താരാഷ്ട്ര സീറോ മലബാർ മാതൃവേദി സംഗമം

ജനുവരി 18,19 തീയതികളിൽ ഇരിങ്ങാലക്കുടയിൽ വെച്ച് നടന്ന അന്താരാഷ്ട്ര സീറോ മലബാർ മാതൃവേദി സംഗമത്തിൽ രൂപതാ ഡയറക്ടർ സി. ഉഷ സി.എം.സി യും മറ്റ് രൂപതാ ഭാരവാഹികളും പങ്കെടുത്തു. പ്രസ്തുത സംഗമത്തിൽ സി. ഉഷ സി.എം.സി രൂപതാ മാതൃവേദിയുടെ റിപ്പോർട്ട് അവതരിപ്പിച്ചു.

### തിരുസന്നിധി

ഫെബ്രുവരി 2–ാം തീയതി മൂലക്കട്ട ഇടവകയിൽ വെച്ച് ഫെറോന തല 'തിരുസന്നിധി' യോഗം നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ 34 അംഗങ്ങൾ പങ്കെടുത്തു. സി.റോസ്‌ലിൻ ഏവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ സി. ഉഷ സി.എം.സി ആരാധനയ്ക്ക് നേതൃത്വം നൽകി. രൂപതാ പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ശ്രീ ജോമി മാത്യു ക്ലാസുകൾക്ക് നേതൃത്വം നൽകി. ശ്രീമതി ലാലി ഡി നന്ദിപ്രകാശനം നടത്തി.

## തിരഞ്ഞെടുപ്പ്

ഇടവക ഫൊറോന തല തിരഞ്ഞെടുപ്പുകൾക്ക് ശേഷം നടന്ന രൂപ താ തല തിരഞ്ഞെടുപ്പിൽ ഭാരവാഹികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട രൂപതാ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ!

| സ്ഥാനം | പേര് | ഇടവക |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷേർളി മാത്യു | എൻ.ആർ. പുര |
| സെക്രട്ടറി | ശ്രീമതിസോണിയ മാത്യു | സാഗർ |
| ട്രഷറർ | ശ്രീമതി ലിസ്സ ആന്റണി | എൻ.ആർ പുര |
| വൈസ് പ്രസിഡന്റ് | ശ്രീമതി. റെജി | അനന്തപുര |
| ജോയിന്റ് സെക്രട്ടറി | ശ്രീമതി ലിജി ജോർജ് | ഷെട്ടിക്കൊപ്പ |
| സെനറ്റ് അംഗങ്ങൾ | ശ്രീമതി ആലീസ് ടോം | റിപ്പൺപേട്ട് |
| | ശ്രീമതി സുധ | ഹൊളെഹൊണ്ണൂർ |
| കോ.ഓഡിനേറ്റേഴ്സ് | ശ്രീമതി ലാലി | ഷിമോഗ |
| | ശ്രീമതി റോസ്‌ലി | കൊപ്പ |
| | ശ്രീമതി റീന | റിപ്പൺപേട്ട് |

**സി. ഉഷ സി.എം.സി**
ഡയറക്ടർ

# കുടുംബ കൂട്ടായ്മ

## ഏകദിന സെമിനാർ

ഭദ്രാവതി രൂപതാ കുടുംബ കൂട്ടായ്മയിൽ നിന്നും ആശംസകൾ! കുടുംബ കൂട്ടായ്മ വാർഡ് ലീഡേഴ്സിന്റെ ഏകദിന സെമിനാർ ബോധന പാസ്റ്ററൽ സെന്ററിൽ ഫെബ്രുവരി 20 ന് നടത്തപ്പെട്ടു. അഭിവന്ദ്യ പിതാവ് മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. കാഞ്ഞിരപ്പള്ളി യിൽ നിന്നുംവന്ന ശ്രീ ജോർജ്ജ്കുട്ടി അഗസ്റ്റി ക്ലാസുകൾ നയിച്ചു. പരിശു ദ്ധാത്മാവിനോടും പരിശുദ്ധ അമ്മയോടും ചേർന്ന് ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ചൈതന്യത്തിൽ കുടുംബകൂട്ടായ്മകളെ രൂപീകരിക്കേ ണ്ടതിന്റെആവശ്യകതകളുംനടപ്പുരീതികളുംവിശുദ്ധഗ്രന്ഥംഉപയോഗിച്ച് വിശുദ്ധരുടെ ഉദാഹരണങ്ങളിലൂടെയും സഭാ പഠനങ്ങൾ ഉദ്ധരിച്ചു കൊണ്ടും ആധികാരികമായി അദ്ദേഹം വിശദീകരിച്ചു. ഗ്രൂപ്പ് ചർച്ചയ്ക്ക് ശേഷം രൂപതാ കോർ ടീം ഫെറോനാ തലത്തിൽ തിരഞ്ഞെടുക്കപ്പെട്ടു. അഭിവന്ദ്യ പിതാവ് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ടീം അംഗങ്ങൾക്ക് ആശംസകൾ നേർന്നു. ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സാന്നിധ്യം സെമിനാറിന് മികവേകി. രൂപതയുടെ വിവിധ ഇടവകകളിൽ നിന്നായി 162 അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

**ഫാ. ടേമി ഉറുംബുംകുഴിയിൽ**
ഡയറക്ടർ

# മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി

ഭദ്രാദീപയുടെ എല്ലാ വായനക്കാർക്കും മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സ്നേഹാശംസകൾ! സാമൂഹിക സേവന വിഭാഗ ത്തിൽ നടന്നു കൊണ്ടിരിക്കുന്ന പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## ചൈൽഡ് ഹെൽപ്ലൈൻ 2018

പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികളുടെ സമ്പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്നു. കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി നടത്തപ്പെടുന്ന ഈ സംരഭത്തിലൂടെ എം.എസ്.എസ് ഓഫീസിൽ ലഭിക്കന്ന ഫോൺ കോളുകൾക്ക് ആവശ്യമായ നടപടികൾ ഉടനടി സ്വീകരിച്ച് വരുന്നു.

## കഴിഞ്ഞ മൂന്ന് മാസങ്ങളിലായി കൈകൊണ്ട സുപ്രധാന നടപടികൾ

പതിനേഴ് ബാലവിവാഹങ്ങൾ നിർത്തിവെച്ചു. പതിനേഴ് കുട്ടികൾക്ക് താമസസൗകര്യം ക്രമീകരിച്ച് നൽകി. കാണാതായ ഒരു കുട്ടിയെ കണ്ടെത്തി. ഭിക്ഷാടനം നടത്തിയിരുന്ന മൂന്ന് കുട്ടികളെയും ശാരീരിക പീഢനം അനുഭവിച്ച് കൊണ്ടിരുന്ന പതിനാല് കുട്ടികളെയും രക്ഷിച്ച് പുനരധിവസിപ്പിച്ചു. ബാലവേല ചെയ്തിരുന്ന ഏഴ് കുട്ടികളെയും ലൈംഗികാക്രമണത്തിനു വിധേയരായ അഞ്ച് കുട്ടികളെയും രക്ഷിച്ചു. ആറ് കുട്ടികൾക്ക് വൈദ്യസഹായം നൽകി. എഴ് കുട്ടികളുടെ വിൽപ്പന തടഞ്ഞു. കൂടാതെ രണ്ട് ഓപ്പൺ ഹൗസ് പ്രോഗ്രാമുകളും മൂന്ന് സ്റ്റാൾ പ്രോഗ്രാമുകൾ നടത്തി. 715 അംഗങ്ങൾ പങ്കെടുത്തു.

## സ്ത്രീ ശാക്തീകരണ പരിപാടി

ഗ്രാമീണ വനതികളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനും അവർക്കെതിരായ അക്രമങ്ങൾ തടയുകയും സ്ത്രീകളെ നേതൃത്വസ്ഥാനത്തേക്കെത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കർണാടക റീജിയണൽ ഓർഗനൈസേഷൻ ഫോർ സോഷ്യൽ സർവ്വീസിന്റെ നേതൃത്വത്തിലും സഹായത്താലും നടത്തപ്പെടുന്ന ഈ പദ്ധതിയിൽ 229 സ്വസഹായ സംഘങ്ങളും 360 അംഗങ്ങളും ഉണ്ട്. ഈ പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും ഇണ്ടുവള്ളി, ഇടുവള്ളി, ഷിമോഗ, ഉമ്പളബൈലു എന്നിവിടങ്ങളിൽ നടന്നുവരുന്നു.

വിമൻ ഇൻ മൈക്രോ എന്റർപ്രൈസ് എന്ന പ്രോഗ്രാമിന്റെ ഭാഗമായി വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി 25 അംഗങ്ങൾക്ക് 37,500 രൂപ ലോൺ വിതരണം ചെയ്തു. പ്രധാനമായും കന്നുകാലി വളർത്തൽ, ആട് വളർത്തൽ, ലൈറിംഗ്, ചെറിയ കടകൾ എന്നീ ഉദ്ദേശങ്ങൾക്ക് വേണ്ടി ലോൺ നൽകുകയും നൽകിയ ലോൺ എല്ലാവരും കൃത്യമായി ഗഡുക്കൾ തിരിച്ചടയ്ക്കുകയും ചെയ്യുന്നു.

## നവജീവൻ കമ്യൂണിറ്റി കെയർ സെന്റർ

എച്ച്.ഐ.വി/എയ്ഡ്സ് രോഗികൾക്കായി കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹായത്തോട്കൂടി എം.എസ്. എസി ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഭദ്രാവതിയിലെ ചൈൽഡ് സെന്ററിൽ കഴിഞ്ഞ മൂന്ന് മാസങ്ങളിലായി 824 രോഗികളെ പരിശോധിക്കുകയും ശുശ്രൂഷിക്കുകയും ആവശ്യമായ മരുന്നുകളും പോഷകാഹാരങ്ങളും സൗജന്യമായി വിതരണം ചെയ്യുകയും സാഗറിലും, ഷിമോഗയിലും ഹെൽത്ത് ക്ലാസുകൾ നടത്തുകയും ചെയ്തു.

**ഫാ. അബ്രഹാം അരീപ്പറമ്പിൽ**
ഡയറക്ടർ

# BISHOP'S DIARY

## JANUARY 2018

02 : Conferred Priestly Ordination on Dn. Chacko Puthushery O. Praem at St. Mary's Church, Chettikudige; visited St. Alphonsa Church, Mallandur that is under renovation

03 : Conferred Priestly Ordination on Dn. Francis Narakathinkudiyil O. Praem at Little Flower Cathedral Church, N. R. Pura

07 : Participated in the Inauguration of the new Diocese of Shamshabad and the Installation of Mar Raphael Thattil at Shamshabad

08-13: Participated in the Synod of Syro-Malabar Bishops at Mount St. Thomas, Kakkanad

13 : Participated in the Silver Jubilee Celebration of the Major Archiepiscopal Status of the Syro-Malabar Church at Mount St. Thomas, Kakkanad

18 : Curia Meeting; Inaugurated *Chrysalis,* the 10th Anniversary celebration of St. Joseph's ICSC School, Gadikoppa

20 : Offered Holy Mass at St. Sebastian's Chappel, Menasuru, N.R. Pura and inaugurated the Perpetual Adoration Centre there with the support of Anointing Fire Ministry, Sehion, Attappady; Offered Holy Mass at St. Joseph's Forane Church, Shimoga on the occasion of Parish Feast

21 : Offered Holy Mass at St. George Church, Balehonnur on the occasion of its Silver Jubilee and Parish Feast and blessed the newly constructed Grotto there

22 : Received Rev. Sr. Little Treasa S.H., the Superior General of S.H. Congregation at the Bishop's House

24 : Participated in the meeting of the Bhadravathi diocesan priests at Ikkeri, Sagagr

25 : Offered Holy Eucharist and inaugurated Abhishekagni Convention at St. Francis Assisi Church, Nattakkal, Adukkalakandam

26 : Offered Holy Eucharist at Bodhana Pastoral Centre for the SMYM members and inaugurated the diocesan celebration of 'the Year of Youth'

27 : Participated as Chief Guest in the Silver Jubilee Celebration of De Paul Institute of Philosophy, Bangalore

28 : Offered Holy Eucharist at Christ the King Church, Anavatty on the occasion of Parish Feast

31 : Offered Holy Mass on the occasion of the 41st day of the demise of Rev. Fr. George Kuttickal, mcbs at Little Floer Church, Kaduvakulam; visited the seminarians from Bhadravathi at St. Thomas Seminary, Vadavathoor

**FEBRUARY 2018**

01 : Offered Holy Eucharist at St. Thomas Apostolic Seminary, Vadavathoor

2-9 : Participated in the CBCI Plenary Meeting held at St. John's Medical College, Bangalore

10 : Offerd Holy Eucharist at St. Antony's Church, Iduvally on the occasion of Parish Feast

11 : Offered Solemn Raza at Lordumatha Church, Nagavally on the occasion of the Feast of Our Lady of Lourdes

16-17: Gabriel Meet at Bodhana, offered Holy Mass for the participants

18 : Inaugurated Hostel Day celebrations at St. Alphonsa Hotel, Umblebylu

20 : Inaugurated the leadership seminar for the leaders of the Kudumba Koottayma Units (Basic Christian Communities), at Bodhana Pastoral Centre

23: Participated in the KRCBC Meeting at Regional Pastoral Centre, Bangalore

24 : Offered Holy Mass at St. Joseph's Church, Nenmeni on the 41st day of the demise of Mr. Dominic Kuttivayalil

25 : Offered Holy Mass at St. Antony's Church, Hanthuvani and installated the Holy Relic of St. Antony of Padua at the Parish Church making it a pilgrim centre of St. Antony

27 : Inaugurated the Annual Day Celebrations of St. Joseph Public School, N.R. Pura

## BISHOP'S PROGRAMME

**MARCH 2018**

05 : Monthly Recollection, N. R. Pura

07 : Monthly Recollection, Shimoga

08 : Monthly Recollection, Ripponpett

16 : Minor Orders at Sanathana Seminary, Thamarassery

17 : Thamarassery

18 : Holy Mass at St. Sebastian's Church, Mathikere, Bangalore

22 : Holy Mass, SH Hostel, Shimoga

24-25: Pastoral visit, Infant Jesus Church, Moolakatte, Bhadravathi

27 : Meeting of the diocesan Presbyterium; Chrism Mass at Bodhana

29 : Maundy Thursday, Little Flower Cathedral, N.R. Pura

30 : Good Friday, St. Joseph's Church, Shimoga

**APRIL 2018**

01 : Easter, Little Flower Cathedral, N.R. Pura

03-04: Erattayar

05 : Episcopal Ordination of Mar John Nellikunnel, Bishop-elect of Idukki

07 : Summer Program for Seminarians begins

08 : Holy Mass and First Holy Communion at Little Flower Cathedral, N. R. Pura; Holy Mass at St. Thomas Church, Gorigandi

14 : Holy Mass, St. Peter's Church, Masthikatte

15 : Holy Mass and First Holy Communion at Good Shepherd Church, Ripponpett

18 : One Day Seminar for the priests of the diocese of Bhadravathi at Bodhana

21 : Holy Raza at Sacred Heart Church, Hosur, Induvally

23 : Thalassery

25 : Get-together of the priests and religious from the N. R. Pura Forane, at Little Flower Cathedral, N.R. Pura

**MAY 2018**

01 : Blessing of the Renovated Parish Church, Shettikoppa

05 : Meeting of the Diocesan Pastoral Implementation Committee at Bodhana

09 : Diaconate, Minor Orders at Bodhana

10 : Seminarians Summer Program ends

11 : Marriage of Tess Erumachadath, Erattayar

14 : Bathery

# ಧರ್ಮಕ್ಷೇತ್ರ ಕಛೇರಿ ವಾರ್ತೆಗಳು

## ನೇಮಕಾತಿಗಳು

**Rev. Fr. Amal Valiyaparambil, mcbs :** Asst. Parish Priest, St. Thomas Church, Gorigandi & St. George Church, Balehonnur

## ವಂದನೆಗಳು, ಸ್ವಾಗತ

ಕಳೆದ ಒಂದು ವರ್ಷ ಧರ್ಮಪ್ರಾಂತ್ಯದ ಗೋರಿಗಂಡಿ–ಬಾಳೆಹೊನ್ನೂರು ದೇವಾಲಯಗಳಲ್ಲಿ ಗಮನಾರ್ಹವಾದ ಸೇವೆಯ ಬಳಿಕ ಬೇರೆಡೆಗೆ ವರ್ಗವಾಗಿರುವ ರೆ.ಫಾ. ಜಿನೇಶ್ ಕೊಚ್ಚುಪರಂಬಿಲ್ ಗುರುಗಳಿಗೆ ವಂದನೆಗಳು ಹಾಗು ಹೊಸದಾಗಿ ಕಾರ್ಯನಿರ್ವಹಿಸುವ ಸ್ಥಳದ ಎಲ್ಲಾ ವಿಜಯಗಳನ್ನು ಹಾರೈಸುತ್ತಿದ್ದೇನೆ.

ಹೊಸದಾಗಿ ಧರ್ಮಪ್ರಾಂತ್ಯಕ್ಕೆ ಸೇವೆ ಸಲ್ಲಿಸಲು ಆಗಮಿಸಿರುವ ರೆ.ಫಾ. ಅಮಲ್ ವಲಿಯಪರಂಬಿಲ್ ಗುರುಗಳಿಗೆ ಸ್ವಾಗತದೊಂದಿಗೆ ಶುಭಾಷಯವನ್ನು ಕೋರುತ್ತೇನೆ.

## ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್

ನಾಲ್ಕನೇ ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್‌ನ ಎರಡನೆಯ ಸಭೆ 2017ರ ಡಿಸೆಂಬರ್ 19 ಕ್ಕೆ ಬೆಳಗ್ಗೆ 10–45 ಕ್ಕೆ ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ ಸೇರಲಾಯಿತು. ರೆ.ಸಿ. ಉಷಾ ಸಿ.ಎಂ.ಸಿ., ಇವರು ಪ್ರಾರ್ಥನೆಯನ್ನು ನಡೆಸಿಕೊಟ್ಟರು. ವಿಗಾರ್ ಜನರಾಳ್ ರೆ.ಫಾ. ಅಗಸ್ಟಿನ್ ಉರುಂಬುಕಾಟಿಲ್ ಇವರು ಎಲ್ಲರನ್ನೂ ಸ್ವಾಗತಿಸಿದರು. ರೆ,ಫಾ. ಫ್ರಾನ್ಸಿಸ್ ಅಳ್ಳುಂಪುರಂ ಹಿಂದಿನ ಸಭೆಯ ವರದಿಯನ್ನು ವಾಚಿಸಿದರು. ಮುಂದಿನ ವರ್ಷ ರೋಮಿನಲ್ಲಿ ನಡೆಯುವ ಧರ್ಮಾಧ್ಯಕ್ಷರ ಸಭೆಯ ವಿಷಯ “ಯುವಜನರು–ವಿಶ್ವಾಸ, ಕರೆಯ ಅರಿವು” ಎಂಬುದನ್ನು ಸಂಬಂಧಿಸಿದೆಂದೂ ಅದರ ಹಿನ್ನೆಲೆಯಲ್ಲಿ ನಮ್ಮ ಧರ್ಮಪ್ರಾಂತ್ಯದಲ್ಲಿ ಬರುವ ವರ್ಷವನ್ನು ಯುವಜನ ವರ್ಷವನ್ನಾಗಿ ಆಚರಿಸಲು ಇಚ್ಚಿಸಿರುವುದಾಗಿಯೂ ಪೂಜ್ಯ ಧರ್ಮಾಧ್ಯಕ್ಷರು ತಮ್ಮ ಮುನ್ನುಡಿ ಭಾಷಣದಲ್ಲಿ ವಿವರಿಸಿದರು. ಈ ವಿಷಯದ ಬಗ್ಗೆ ಚರ್ಚಿಸುವುದು ಈ ಸಭೆಯ ಮುಖ್ಯ ಉದ್ದೇಶ

ಎಂದು ಧರ್ಮಾಧ್ಯಕ್ಷರು ತಿಳಿಸಿದರು. ಯುವಜನ ನಿರ್ದೇಶಕರಾಗಿರುವ ರೆ.ಫಾ. ಜೋಸೆಫ್ ಪನಕ್ಕಚಿರ ಯುವಜನ ವರ್ಷದ ರೂಪುರೇಷೆಗಳನ್ನು ವಿವರಿಸಿದರು. ನಂತರ ನಾಲ್ಕು ತಂಡಗಳಾಗಿ ನಡೆಸಿದ ಚರ್ಚೆಯ ವರದಿಯನ್ನು ಓದಲಾಯಿತು. "ಯೇಸುವಿನಲ್ಲಿ ಜೀವಿಸುವ–ಯೇಸುವನ್ನು ನೀಡುವ" ಎಂಬ ವಾಕ್ಯವು ತಂಡ ತಯಾರಿಸಿದ ಲೋಗೋ ಚರ್ಚೆಯ ನಂತರ ಅನುಮೋದಿಸಲಾಯಿತು. 2018 ಜನವರಿ 26 ಕ್ಕೆ ಯುವಜನ ವರ್ಷದ ಧರ್ಮಪ್ರಾಂತ್ಯ ಮಟ್ಟದ ಉದ್ಘಾಟನೆ, ಜನವರಿ 28 ಕ್ಕೆ ಧರ್ಮಕ್ಷೇತ್ರ ಮಟ್ಟದ ಉದ್ಘಾಟನೆಯನ್ನು ನಡೆಸಲು ತೀರ್ಮಾನಿಸಲಾಯಿತು. ಶ್ರೀ ಜೋಮಿ ಮಾಥ್ಯು ಎಲ್ಲರಿಗೂ ವಂದನೆಯನ್ನು ಸಲ್ಲಿಸಿದರು.

## ಸಂತ ಜೋಸೆಫರ ಹಬ್ಬ

ಸಂತ ಜೋಸೆಫರ ಹಬ್ಬವನ್ನು ಮಾರ್ಚ್ 19ಕ್ಕೆ ಆಚರಿಸುವಾಗ ನಮ್ಮ ಧರ್ಮಪ್ರಾಂತ್ಯವನ್ನು, ಪೂಜ್ಯ ಧರ್ಮಾಧ್ಯಕ್ಷರನ್ನು, ಎಲ್ಲಾ ವಿಶ್ವಾಸಿಗಳನ್ನೂ ಸಂತ ಜೋಸೆಫರಿಗೆ ಸಮರ್ಪಿಸೋಣ. ಅಂದಿನ ದಿನ ನಾಮಧಾರಿ ಹಬ್ಬವನ್ನು ಆಚರಿಸುವ ಪೂಜ್ಯ ಧರ್ಮಾಧ್ಯಕ್ಷರಿಗಾಗಿ ಪ್ರತ್ಯೇಕವಾಗಿ ಪ್ರಾರ್ಥಿಸೋಣ.

## ಗುರುವೃಂದದ ಸಮ್ಮೇಳನ, ತೈಲಾಶೀರ್ವಾದ

ಧರ್ಮಪ್ರಾಂತ್ಯದ ಗುರುವೃಂದದವರ ಸಮ್ಮೇಳನ 2018 ಮಾರ್ಚ್ 27ಕ್ಕೆ ಮಂಗಳವಾರ ಬೆಳಗ್ಗೆ 10 ಗಂಟೆಗೆ ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ ನಡೆಸಲಾಗುವುದು. ಮಧ್ಯಾಹ್ನ 2–30ಕ್ಕೆ ತೈಲಾಶೀರ್ವಾದ ನಡೆಸಲಾಗುವುದು.

## ಗುರುವೃಂದದವರ ಸೆಮಿನಾರ್

ಧರ್ಮಪ್ರಾಂತ್ಯದಲ್ಲಿ ಸೇವೆ ಸಲ್ಲಿಸುವ ಗುರುಗಳಿಗಾಗಿ ಒಂದು ಸೆಮಿನಾರ್ 2018 ಏಪ್ರಿಲ್ 18 ಕ್ಕೆ ಬೆಳಗೆ 9 ಗಂಟೆಯಿಂದ ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ ನಡೆಸಲಾಗುವುದು. ಮಂಗಲಪುಯ ಸೆಮಿನಾರಿ ರೆಕ್ಟರ್ ರೆ.ಡಾ. ಮಾಥ್ಯು ಇಲ್ಲತುಪರಂಬಿಲ್ ಸೆಮಿನಾರನ್ನು ನಡೆಸಿಕೊಡುವರು. ಸೆಮಿನಾರಿನಲ್ಲಿ ಭಾಗವಹಿಸುವ ಗುರುವೃಂದದವರು ಏಪ್ರಿಲ್ 17ಕ್ಕೆ ಸಂಜೆಯೊಳಗೆ ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ ಬಂದು ಸೇರುವುದು.

## ವಾರ್ಷಿಕ ಸರ್ವಸದಸ್ಯರ ಸಭೆ

2017–18ರ ವರ್ಷದ ಆಯವ್ಯಯ, 2018–19ರ ಬಜೆಟ್ ಮುಂತಾದುವುಗಳನ್ನು ಪ್ರಕಟಿಸಲು,2018–19ರ ಸಾಲಿಗೆ ಕಾರ್ಯಕಾರಿ ಸಮಿತಿಯವರನ್ನು ಆಯ್ಕೆ ಮಾಡಲು ವಾರ್ಷಿಕ ಸರ್ವಸದಸ್ಯರ ಸಭೆಯನ್ನು 2018ರ ಏಪ್ರಿಲ್ 15ರೊಳಗಾಗಿ ಸೇರಬೇಕು. ಸರ್ವಸದಸ್ಯರ ಸಭೆ, ಕಾರ್ಯಕಾರಿ ಸಮಿತಿಯವರ ಆಯ್ಕೆ ಮೊದಲಾದುವುಗಳನ್ನು ಧರ್ಮಪ್ರಾಂತ್ಯದ ನಿಯಮಗಳ ಪುಟ ಸಂ: 139–143 ರನ್ನು ಪಾಲಿಸುವುದು. ಕಾರ್ಯಕಾರಿ ಸಮಿತಿಯವರ ಆಯ್ಕೆ ಪೂರ್ಣಗೊಳಿಸಿ ಅವರ ಹೆಸರು ವಿವರಗಳನ್ನು, ಸರ್ವಸದಸ್ಯರ ಸಭೆಯು ಅನುಮೋದಿಸಿದ ವಾರ್ಷಿಯ ಆಯವ್ಯಯಯವನ್ನು ಧರ್ಮಪ್ರಾಂತ್ಯಕ್ಕೆ ನೀಡುವುದು. ಧರ್ಮಪ್ರಾಂತ್ಯದಿಂದ ಅನುಮೋದನೆ ಲಭಿಸಿದ ನಂತರವೇ ಕಾರ್ಯಕಾರಿ ಸಮಿತಿಯವರು ಅಧಿಕಾರ ವಹಿಸಿಕೊಳ್ಳತಕ್ಕದ್ದು. ಪಾರೀಷ್ ಕಮಿಟಿಯವರ ಅವಧಿ 3 ವರ್ಷಗಳಾಗಿರುವುದರಿಂದ ಈ ವರ್ಷ ಕಮಿಟಿಯವರ ಆಯ್ಕೆ ಮಾಡಬೇಕಾಗಿರುವುದಿಲ್ಲ.

## ಆಡಿಟಿಂಗ್

2017–18ರ ವರ್ಷದ ನಮ್ಮ ಎಲ್ಲಾ ದೇವಾಲಯಗಳ ಹಾಗೂ ಸಂಸ್ಥೆಗಳ ಆಯವ್ಯಯವನ್ನು ಧರ್ಮಪ್ರಾಂತ್ಯದಿಂದ 2018 ಏಪ್ರಿಲ್ 23, 24, 25 ದಿನಾಂಕಗಳಂದು ಆಡಿಟಿಂಗ್ ನಡೆಸಬೇಕು. ಕೆಳಗೆ ಹೇಳಿರುವ ದಾಖಲೆಗಳೊಂದಿಗೆ ವಂದನೀಯ ಮುಖ್ಯ ಗುರುಗಳು ದೇವಾಲಯದ ಸೆಕ್ರೆಟರಿಗಳೊಂದಿಗೆ ಆಡಿಟಿಂಗ್‌ಗೆ ಬರಬೇಕು.

1. The Minutes of the Pothuyogam (original and copy), the Annual Statement of Account of 2016-2017 (book and sheet) and budget for 2017-2018 (original and copy).
2. Journal and Ledger with Bills and Vouchers
3. Accounts of the Institutions (if any)
4. Accounts of the Diocesan Farms
5. Updated Bank Passbooks and Check Books
6. FD Receipts (if any)

**23.04.2018: N.R.Pura,Little Flower Cathedral**

| | | |
|---|---|---|
| 09.30 am | : | N.R.Pura |
| 10.30 “ | : | Sangameswarapet |
| 11.30 “ | : | Balehonnur |
| 12.00 noon | : | Chettikudige |
| 02.00 pm | : | Varkatta |
| 02.30 “ | : | Makkode |
| 03.00 “ | : | Koppa |
| 03.30 “ | : | Muthinakoppa & Mallanthoor |
| 04.00 “ | : | Shettikoppa |

**24.04.2018: Sagar, St. Thomas Church**

| | | |
|---|---|---|
| 09.30 am | : | Sagar, Joga & Kargal |
| 10.30 “ | : | Ripponpett |
| 11.30 “ | : | Nagavally |
| 12.00 noon | : | Iduvally |
| 02.00 pm | : | Hosur (Induvally) |
| 03.00 “ | : | Anavatty |
| 03.30 “ | : | Anandapuram |

**25.04.2018: Shimoga, St. Joseph's Forane Church**

| | | |
|---|---|---|
| 09.30 am | : | Bhadravathi |
| 10.30 “ | : | Davangere |
| 11.30 “ | : | Holehonnur |
| 12.00 noon | : | Masthikatte |
| 02.00 pm | : | Umblebylu |
| 02.30 “ | : | Shimoga |

## ಸಾಮಾನ್ಯ ನಿಧಿ ಸಂಗ್ರಹ

1. ಬಡತನ, ರೋಗ ನಿವಾರಣೆಡಗಾಗಿ ಕಾರಿತಾಸ್ ಇಂಡಿಯಾಗೆ ಸಹಾಯ ಮಾಡಲು ನಡೆಸುವ ವಿಶೇಷ ನಿಧಿ ಸಂಗ್ರಹ ಈ ವರ್ಷ ಮಾರ್ಚ್ 25ನೇ ತಾರೀಖು ನಡೆಸಬೇಕು.

2. ಪವಿತ್ರ ಸ್ಥಳದ ಸಂರಕ್ಷಣೆಗಾಗಿ ನಡೆಸುವ ಶುಭ ಶುಕ್ರವಾರದ ವಿಶೇಷ ನಿಧಿ ಸಂಗ್ರಹ 2018 ಮಾರ್ಚ್ 30ಕ್ಕೆ ನಡೆಸಬೇಕು.

## ಜೀವಕಾರುಣ್ಯ ನಿಧಿ

ನಮ್ಮ ಸಮೂಹದಲ್ಲಿ ಸಹಾಯ ಇಚ್ಚಿಸುವವರಿಗೆ ಅವರ ಅವಶ್ಯಕತೆಗಳಲ್ಲಿ ಸಹಾಯ ಮಾಡಲು ಧರ್ಮಪ್ರಾಂತ್ಯ ನಿಗದಿಪಡಿಸಿರುವ ದಿನ ಈಸ್ಟರ್ ದಿನ (2018 ಏಪ್ರಿಲ್ 1) ದಿವ್ಯಬಲಿಪೂಜೆಯ ಮಧ್ಯೆ ಈ ನಿಧಿಯನ್ನು ಸಂಗ್ರಹಿಸಿ ಧರ್ಮಪ್ರಾಂತ್ಯದಲ್ಲಿ ನೀಡುವುದು.

**ರೆ.ಫಾ. ಫ್ರಾನ್ಸಿಸ್ ಅಳ್ಳುಂಪುರಂ**
ಧರ್ಮಪ್ರಾಂತ್ಯದ ಛಾನ್ಸಲರ್.